# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അത്തോളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KKD/P6/1438/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 30/10/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അത്തോളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അത്തോളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അത്തോളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 3-1,3-2 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KKD/P6/1438/21 തീയ്യതി: 30/10/2021

## കോഴിക്കോട് ജില്ലയിലെ അത്തോളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ അത്തോളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-10-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 25-10-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം.വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) | 19-10-2021 | 25-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-10-2021 | 25-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

എം.കരുണാകരൻ, ഓഡിറ്റ് ഓഫീസർ
സതീഷ്കുമാർ .സി.പി, അസി.ഓിറ്റ് ഓഫീസർ
ദിശ. ആർ..കെ,അസി.ഓിറ്റ് ഓഫീസർ
രാമദാസ്.എം, അസി.ഓിറ്റ് ഓഫീസർ

അബ്ദുൾ നസീർ.ടി.പി, സീ.ഗ്രേഡ് ഓഡിറ്റർ
വിജേഷ്.കെ.കെ , ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എൻ.പ്രദീപൻ | സെക്രട്ടറി | 01-04-2020 | 22-06-2020 |
| ജിഷിത്ത്.ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 23-06-2020 | 25-06-2020 |
| ജേക്കബ് ജോർജ്ജ് | സെക്രട്ടറി | 26-06-2020 | 01-01-2021 |
| ജിഷിത്ത്.ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-01-2021 | 03-02-2021 |
| ഇന്ദു.എ | സെക്രട്ടറി | 04-02-2021 | 31-03-2021 |
| രവീന്ദ്രൻ , ചിറ്റൂർ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ഷീബ രാമചന്ദ്രൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അബൂബക്കർ സിദ്ദിഖ് | അസി. എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ദിവ്യ.എം | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2020 | 31-03-2021 |
| അനിത.കെ.എം | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2020 | 22-12-2020 |
| ശാന്തി | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 23-12-2020 | 31-03-2021 |
| ഡോ.അഞ്ജന | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ഡോ.പ്ഭിത.വി.പി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ.അംബിക രാജൻ നമ്പ്യാർ | വെറ്ററിനറി സർജൻ | 01-04-2020 | 20-10-2020 |
| ശ്രീജേഷ് | വി.ഇ.ഓ | 01-04-2020 | 21-10-2020 |

| | | | |
|---|---|---|---|
| അവിനാശ് | വി.ഇ.ഓ | 21-10-2020 | 04-11-2020 |
| സജീഷ് | വി.ഇ.ഓ | 04-11-2020 | 31-03-2021 |
| സ്മിത | വി.ഇ.ഓ | 01-04-2020 | 21-10-2020 |
| അവിനാശ് | വി.ഇ.ഓ | 22-10-2020 | 02-11-2020 |
| സജീഷ് | വി.ഇ.ഓ | 01-04-2020 | 31-03-2021 |
| ആസിഫ് അഷറഫ് | വി.ഇ.ഓ | 02-11-2020 | 31-03-2021 |
| ഷമ്മി മാത്യു | കൃഷി ഓഫീസർ | 01-04-2020 | 02-07-2020 |
| സുവർണ്ണ ശ്യാം | കൃഷി ഓഫീസർ | 02-07-2020 | 05-07-2020 |
| അബ്ദുൾ ബഷീർ | കൃഷി ഓഫീസർ | 06-07-2020 | 04-08-2020 |
| സുവർണ്ണ ശ്യാം | കൃഷി ഓഫീസർ | 05-08-2020 | 31-03-2021 |
| വിജയൻ.എം.വി | ഹെഡ് മാസ്റ്റർ | 01-04-2020 | 31-05-2020 |
| രവി പാണകുനി | ഹെഡ് മാസ്റ്റർ | 01-06-2020 | 23-06-2020 |
| സുരേന്ദ്രൻ | ഹെഡ് മാസ്റ്റർ | 24-06-2020 | 31-03-2021 |
| ജിഷ.ഒ.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ ജിഷിത്ത് ആർ | അസി. സെക്രട്ടറി | 01-04-2020 | 31-03-2021 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M.Karunakaran (Audit Officer, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 29-10-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Disha R.K (Asst. Audit Officer, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 29-10-2021) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Disha R.K (Asst. Audit Officer, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 29-10-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Disha R.K (Asst. Audit Officer, On 20-10-2021)<br>Last Updated By: Vasudevan M (Deputy Director, On 30-10-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം(എ).സി.ആർ പ്രകാരം)<br>Written By: Disha R.K (Asst. Audit Officer, On 20-10-2021)<br>Last Updated By: Vasudevan M (Deputy Director, On 30-10-2021) | 1-4 |
| 6 | ഗ്രാൻറ് വിനിയോഗ പത്രികയിലെ അപാകതകൾ<br>Written By: Disha R.K (Asst. Audit Officer, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 29-10-2021) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: M.Karunakaran (Audit Officer, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 29-10-2021) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Disha R.K (Asst. Audit Officer, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 29-10-2021) | 1-6 |
| 9 | ക്യാഷ് പരിശോധന<br>Written By: Vijesh K.K (Auditor, On 18-10-2021)<br>Last Updated By: Vasudevan M (Deputy Director, On 29-10-2021) | 1-7 |
| 10 | തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾ<br>Written By: Vijesh K.K (Auditor, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 29-10-2021) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം.<br>Written By: M.Karunakaran (Audit Officer, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 30-10-2021) | 1-9 |
| 12 | രസീറ്റ് പിരിവിലെ അപാകതകൾ<br>Written By: Vijesh K.K (Auditor, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 30-10-2021) | 1-10 |
| 13 | അനധികൃത കെട്ടിടത്തിന്റെ ഡിമാന്റ് ക്യാൻസൽ ചെയ്തത് സംബന്ധിച്ച്<br>Written By: Vijesh K.K (Auditor, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 29-10-2021) | 1-11 |
| 14 | പഞ്ചായത്തിലെ വസ്തുനികുതി നിരക്ക് ഭേദഗതി നടതിയത് സഞ്ചയയിൽ മാറ്റം വരുത്തിയില്ല- നികുതി നഷ്ടം<br>Written By: Vijesh K.K (Auditor, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 30-10-2021) | 1-12 |
| 15 | തൊഴിൽ നികുതി പൂർണ്ണമായും ഡിമാന്റ് ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല.<br>Written By: Vijesh K.K (Auditor, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 30-10-2021) | 1-13 |
| 16 | ട്രേഡേഴ്സിന്റെ തൊഴിൽ നികുതി ഈടാക്കുന്നതിൽ കൃത്യതയില്ല | 1-14 |

| | | |
|---|---|---|
| | Written By: Vijesh K.K (Auditor, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 29-10-2021) | |
| 17 | FTE&OS ലൈസൻസ്-അപാകതകൾ<br>Written By: RAMDAS M. (Asst. Audit Officer, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 29-10-2021) | 1-15 |
| 18 | ദുരിതാശ്വാസ നിധി രൂപീകരണം<br>Written By: M.Karunakaran (Audit Officer, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 29-10-2021) | 1-16 |
| 19 | വിവിധ പ്രവർത്തികൾക്കായി ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിവനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.<br>Written By: M.Karunakaran (Audit Officer, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 29-10-2021) | 1-17 |
| 20 | നേർ കാഴ്ച -പഞ്ചായത്തിന്റെ മാതൃകാ പദ്ധതികളുടെ ഡോക്യുമെന്റേഷൻ -പ്രൊജക്ട് നടത്തിപ്പിൽ അപാകത.<br>Written By: M.Karunakaran (Audit Officer, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 29-10-2021) | 1-18 |
| 21 | മരങ്ങൾ മുറിച്ചുമാറ്റുന്നതിനായി തുക ചെലവഴിച്ചു. -മുറിച്ചുമാറ്റിയ മരത്തിന്റെ വിനിയോഗവിവരം ലഭ്യമാക്കിയില്ല.<br>Written By: M.Karunakaran (Audit Officer, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 29-10-2021) | 1-19 |
| 22 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്-അർഹതയില്ലാത്ത വിദ്യാർത്ഥിക്ക് ആനുകൂല്യം നൽകിയതും മറ്റ് അപാകതകളും<br>Written By: M.Karunakaran (Audit Officer, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 29-10-2021) | 1-20 |
| 23 | മത്സ്യതൊഴിലാളിയുടെ മക്കൾക്ക് ലാപ് ടോപ്പ് -ഗുണഭോക്തൃ ലിസ്റ്റിലെ മുൻ ഗണനാക്രമം പാലിക്കാതെ ആനുകൂല്യം വിതരണം ചെയ്തതും മറ്റ് അപാകതകളും.<br>Written By: M.Karunakaran (Audit Officer, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 29-10-2021) | 1-21 |
| 24 | എസ്.സി. വിദ്യാർത്ഥികൾക്ക് പഠനത്തിന് മേശ, കസേര-പഞ്ചായത്തിന്റെ മേഖലാ ചുമതലകളിൽ ഉൾപ്പെടാത്ത വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകി.<br>Written By: M.Karunakaran (Audit Officer, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 29-10-2021) | 1-22 |
| 25 | ഓണം അഡ്വാൻസ് ഇനത്തിൽ കൈപറ്റിയ തുക നാളിതുവരെ തിരിച്ചടവാക്കിയില്ല.<br>Written By: M.Karunakaran (Audit Officer, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 30-10-2021) | 1-23 |
| 26 | ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ-ഹോം കോയിൽ അടവാക്കിയതുകക്ക് മരുന്നുകൾ ലഭ്യമായില്ല.<br>Written By: M.Karunakaran (Audit Officer, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 29-10-2021) | 1-24 |
| 27 | വെൽഫയർ സ്കൂൾ വാടകനൽകൽ- പ്രൊജക്ട് പ്രകാരം വാടക അധികം നൽകി.<br>Written By: M.Karunakaran (Audit Officer, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 29-10-2021) | 1-25 |
| 28 | അഗതിരഹിത കേരളം-പ്രൊജക്ട് ഭക്ഷണവിതരണത്തിലൊതുങ്ങുന്നു.<br>Written By: M.Karunakaran (Audit Officer, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 29-10-2021) | 1-26 |

| | | |
|---|---|---|
| 29 | അംഗൻവാടികളിൽ അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തത<br>Written By: Disha R.K (Asst. Audit Officer, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 29-10-2021) | 1-27 |
| 30 | തെരുവ് വിളക്ക് സ്ഥാപിക്കൽ-ലഭ്യമായ തെരുവ് വിളക്കുകൾ പൂർണമായും സ്ഥാപിക്കാത്തതും മറ്റ് അപാകതകളും<br>Written By: M.Karunakaran (Audit Officer, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 29-10-2021) | 1-28 |
| 31 | പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം:പിഴ ഈടാക്കിയില്ല<br>Written By: SathishKumar C P (Asst. Audit Officer, On 26-10-2021)<br>Last Updated By: Vasudevan M (Deputy Director, On 30-10-2021) | 1-29 |
| 32 | പൊതുമരാമത്ത് പദ്ധതികൾ :5 വർഷ ഗ്യാരന്റിയോടുകൂടി പ്രവൃത്തി ഏറ്റെടുത്തില്ല<br>Written By: SathishKumar C P (Asst. Audit Officer, On 26-10-2021)<br>Last Updated By: Vasudevan M (Deputy Director, On 30-10-2021) | 1-30 |
| 33 | ഒരേ റോഡിലെ പ്രവൃത്തിക്ക് ഒന്നിലധികം പ്രൊജക്ടുകൾ<br>Written By: SathishKumar C P (Asst. Audit Officer, On 26-10-2021)<br>Last Updated By: Vasudevan M (Deputy Director, On 30-10-2021) | 1-31 |
| 34 | റിവൈസ്ഡ് എസ്റ്റിമേറ്റ്:അനുമതിയില്ലാതെ പ്രവർത്തി നടത്തി<br>Written By: SathishKumar C P (Asst. Audit Officer, On 26-10-2021)<br>Last Updated By: Vasudevan M (Deputy Director, On 29-10-2021) | 1-32 |
| 35 | പൊതുമരാമത്ത് പദ്ധതികൾ :മോണിട്ടറിംഗ് ഫലപ്രദമല്ല<br>Written By: SathishKumar C P (Asst. Audit Officer, On 26-10-2021)<br>Last Updated By: Vasudevan M (Deputy Director, On 30-10-2021) | 1-33 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം:പിഴ ഈടാക്കിയില്ല<br>Written By: SathishKumar C P (Asst. Audit Officer, On 26-10-2021)<br>Last Updated By: Vasudevan M (Deputy Director, On 30-10-2021) | 3-1 |
| 2 | വെൽഫയർ സ്കൂൾ വാടകനൽകൽ- പ്രൊജക്ട് പ്രകാരം വാടക അധികം നൽകി.<br>Written By: M.Karunakaran (Audit Officer, On 26-10-2021)<br>Last Updated By: Vasudevan M (Deputy Director, On 29-10-2021) | 3-2 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Vijesh K.K (Auditor, On 18-10-2021)<br>Last Updated By: Vasudevan M (Deputy Director, On 29-10-2021) | 4-1 |
| 2 | സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Vijesh K.K (Auditor, On 20-10-2021)<br>Last Updated By: Vasudevan M (Deputy Director, On 29-10-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Vijesh K.K (Auditor, On 18-10-2021)<br>Last Updated By: Vasudevan M (Deputy Director, On 29-10-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Vijesh K.K (Auditor, On 18-10-2021)<br>Last Updated By: Vasudevan M (Deputy Director, On 30-10-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |

| | | |
|---|---|---|
| | Written By: Vijesh K.K (Auditor, On 18-10-2021)<br>Last Updated By: Vasudevan M (Deputy Director, On 29-10-2021) | |
| 6 | സ്ഥിരനിക്ഷേപം<br>Written By: Vijesh K.K (Auditor, On 18-10-2021)<br>Last Updated By: Vasudevan M (Deputy Director, On 30-10-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Vijesh K.K (Auditor, On 18-10-2021)<br>Last Updated By: Vasudevan M (Deputy Director, On 29-10-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Vijesh K.K (Auditor, On 18-10-2021)<br>Last Updated By: Vasudevan M (Deputy Director, On 29-10-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Vijesh K.K (Auditor, On 18-10-2021)<br>Last Updated By: Vasudevan M (Deputy Director, On 29-10-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Vijesh K.K (Auditor, On 18-10-2021)<br>Last Updated By: Vasudevan M (Deputy Director, On 29-10-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Vijesh K.K (Auditor, On 18-10-2021)<br>Last Updated By: Vasudevan M (Deputy Director, On 29-10-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്.

ഓഡിറ്റ് വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് 16.3.2020- ൽ കൂടിയ ഭരണസമിതിയുടെ അജണ്ട 2 തീരുമാനം (1) പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് 15-2-2021 ലെ അജണ്ട 1 തീരുമാനം (1) പ്രകാര വും അംഗീകരിച്ചിട്ടുണ്ട്.

1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം 214ാം വകുപ്പ് പ്രകാരം സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പ് പ്രകാരമുള്ള വികസന പദ്ധതി ചെലവുൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാവാനിടയുള്ള വരവു ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശ ങ്ങളും പരിഗണിച്ച് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കണം. സ്റ്റാന്റിംഗ് കമ്മറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി സമർപ്പിച്ചതായി ബന്ധപ്പെട്ട് സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സുകളിൽ രേഖപ്പെടുത്തി യിട്ടുണ്ടെങ്കിലും വിശദമായ ബജറ്റ് നിർദ്ദേശങ്ങളടങ്ങിയ ഫയൽ പരിശോധനക്ക് ലഭ്യമായിട്ടില്ല. ലഭ്യമായ ഫയലിൽ നിർവഹണ ഉദ്യോഗസ്ഥരുടെ നോൺ പ്ലാൻ ചെലവുകൾ മാത്രമെ ഉൾപ്പെടുന്നുള്ളൂ. ഭരണസമിതി അംഗീകരിച്ചു നൽകിയ ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും പഞ്ചായത്തിന്റെ യഥാർത്ഥ വരവുചെലവുകളും തമ്മിൽ വൻ അന്തരം കാണുന്നു. 16.3.20 ൽ ഭരണ സമിതി അംഗീകരിച്ച ബജറ്റ് പ്രകാരം, സാമ്പത്തിക വർഷത്തെ വരവ് മുന്നിരിപ്പുൾപ്പെടെ 244610674 രൂപ രേഖപ്പെടുത്തിയപ്പോൾ സ്ഥാപനത്തിന്റെ യഥാർത്ഥ വരവ് മുന്നിരിപ്പുൾപ്പെടെ 121394378 രൂപ മാത്രമാണ് അതെപോലെ തന്നെ ചെലവ് ബജറ്റ് പ്രകാരം 233398000 രൂപയും യഥാർത്ഥ ചെലവ് 96268686 രൂപയുമാണ് . ഇതേപോലെ തന്നെ മുന്നിരിപ്പിലും നീക്കിയിരിപ്പിലും യഥാർത്ഥ നീക്കിയിരിപ്പുമായി അന്തരമുണ്ട്. പഞ്ചായത്തിന്റെ പ്രധാന നികുതി വരവുകളിൽ തന്നെ ബജറ്റ് പ്രകാരം പ്രതീക്ഷിത വരവും സ്ഥാപനത്തിന്റെ യഥാർത്ഥ വരവും തമ്മിൽ നല്ല വ്യത്യാസം കാണുന്നു. ആയതിന്റെ വിശദവിവരം താഴെ ക്കൊടുക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് | യഥാർത്ഥ വരവ് |
|---|---|---|
| വസ്തു നികുതി | 8000000 | 6148357 |
| തൊഴിൽ നികുതി | 4000000 | 3158300 |
| കെട്ടിട വാടക | 135000 | 70317 |

അതുപോലെ തന്നെ വാർഷിക കണക്ക പ്രകാരം 210200207 ഹെഡിൽ Honerariam Permenent/ Temporary Staff ഇനത്തിൽ 536164 രൂപ ചെലവ് രേഖപ്പെടുത്തിയപ്പോൾ ബജറ്റിൽ ഈ ഇനത്തിൽ തുക വകയിരുത്തി കാണുന്നില്ല. ഓപ്പറേഷൻ & മെയിന്റനൻസ് വിഭാഗത്തിൽ 230800114 ഹെഡിൽ Expense Related To Pandamic/Epedemic ഇനത്തിൽ 942866 രൂപ ചെലവിന് ബജറ്റ് വകയിരു ത്തൽ റിവൈസ്ഡ് ബജറ്റിലും കാണുന്നില്ല.

ബജറ്റ് തയ്യാറാക്കുമ്പോൾ ആയത് യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കുവാനുള്ള ശ്രമം പഞ്ചായത്തി ന്റെ ഭാഗത്തുനിന്നും ഉണ്ടാവേണ്ടിയിരിക്കുന്നു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 28.7.2021 |

## 1-2-1 വാർഷിക കണക്കിലെ അപാകതകൾ

അത്തോളി പഞ്ചായത്തിലെ 20-21 ലെ വാർഷികകണക്കിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രവർത്തനരഹിതമായ പൈക്ക അക്കൗണ്ട് ക്ലോസ് ചെയ്തില്ല. 20-21 ൽ 307564 രൂപ ഇതിൽ ബാലൻസുണ്ട്.

2) സ്റ്റോക്ക് അക്കൗണ്ട് സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) RP-5 പ്രകാരം ടെണ്ടർ ഫോം ഇനത്തിൽ 131271 രൂപ വരവുണ്ട്. വരവുകളുടെ കൃത്യത ഉറപ്പുവരുത്തുന്ന രീതിയിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

4) ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ അബ്ട്രാക്ട് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5) ബി -11 ഷെഡ്യൂൾപ്രകാരം ആസ്തികൾക്ക് ഡിപ്രീസ്യേഷൻ കണക്കാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

6) ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ (ബി.3) എന്നത് Fixex Assets (B-11) ന്റേയും ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് (B-11(A)) യുടേയും ആകെ തുക ആയിരിക്കണം. എന്നാൽ സ്ഥാപനത്തിന്റെ എ.എഫ്.എസ് പരിശോധിച്ചതിൽ ഇവ തമ്മിൽ 26585945/-രൂപയുടെ വ്യത്യാസം കാണുന്നു. ആസ്തി സൃഷ്ടിക്കുന്നതിന് വേണ്ടി മെയിന്റനൻസ് ഗ്രാന്റ്/തനത് ഫണ്ട് ഉപയോഗിച്ചത് കൊണ്ടാണ് ഈ വ്യത്യാസം വന്നിട്ടുള്ളത്.

7) B4 പ്രകാരം Recoveries Payable -COVID എന്നിയിനത്തിൽ 125400/ രൂപ ബാലൻസായി അവശേഷിക്കുന്നു. മേൽ തുകഅടവാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

8) ഗ്രാമപഞ്ചായത്തിൽ ഇ-ടെണ്ടർ മുഖേന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ടെണ്ടർ ഫീ വരവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ വിവരമറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 17586495 |
| ഓഡിറ്റ് വർഷത്തെ വരവ് | 103807883 |
| ആകെ | 121394378 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 96268686 |
| നീക്കിയിരിപ്പ് | 25125692 |

## 1-4 ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 12441149 | 12441149 | 11340415 | 1100734 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 10,747333 | 10,747333 | 10,747333 | |
| മെയിന്റനൻസ്,റോഡ് (ACR പ്രകാരം) | 0 | 13576,000 | 13576,000 | 13576,000 | |
| മെയിന്റനൻസ്,നോൺ-റോഡ് (ACR പ്രകാരം) | 0 | 4014976 | 4014976 | 3834397 | 180579 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ACR പ്രകാരം) | 0 | 9292756 | 9292756 | 7286619 | 2006137 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ടൈഡ്)(ACR പ്രകാരം) | | 5530000 | 5530000 | 1394232 | 4135768 |

| | | | | | |
|---|---|---|---|---|---|
| എം.പി.ഫണ്ട്. | 204376 | 601527 | 805903 | 768146 | 37757 |
| മറ്റ് ഗ്രാന്റുകൾ | | | | | |
| ഐ.സി. ഡി.എസ് | 284526 | 1051677 | 13,36203 | 799266 | 536937 |
| എം.എൻ .ആർ.ജി.എസ് | 586238 | 922221 | 1508459 | 1476542 | 31917 |
| എം.എൻ .ആർ.ജി.എസ്സ് നൂറ്ദിന പരിപാടി | | 586200 | 586200 | 586200 | |
| പ്രീ മൺസൂൺ | | 170000 | 170000 | | 170000 |
| വിധവകളുടെ പെൺമക്കളുടെ ധനസഹായം | | 300000 | 300000 | 300000 | |
| പാഡിബോണസ്സ് | | 12000 | 12000 | 12000 | |
| ശുചിത്വമിഷൻ | 475978 | 2536100 | 3012078 | 4979 | 3007099 |
| ടോട്ടൽ സാനിറ്റേഷൻ | | 996000 | 996000 | 840000 | 156000 |
| ഫണ്ട് ഫോർ നേംബോർഡ് അങ്കണവാടി | | 69000 | 69000 | | 69000 |
| വിമുക്തി | 40860 | | 40860 | 2639 | 38221 |
| സി.ഡി.പി.ഒ.ടോയ് ലറ്റ്ഫണ്ട് | 24000 | | 24000 | | 24000 |
| സി.ഡി.പി.ഒ .ഡ്രിംഗിംങ് വാട്ടർ ഫണ്ട് | 10000 | | 10000 | 10000 | |
| ലൈബ്രറി ഗ്രാന്റ് | | 14710 | 14710 | 14710 | |
| ലൈഫ് സ്റ്റേറ്റ് ഷെയർ | | 3480000 | 3480000 | | 3480000 |
| സി.എഫ്.എൽ.ടി.സി | | 769172 | 769172 | 582061 | 187111 |
| അവാർഡ് ഫ്രം ഫിഷറീസ് | | 10000 | 10000 | | 10000 |
| ഫണ്ട് ഫോർമെയിന്റനൻസ് ഓഫ് ആയ്യുർവ്വേദ ഡിസ്പെൻസറി | 621 | | 621 | | 621 |

1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

2020-21 വർഷത്തെ എ.സി.ആർ, ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക, സുലേഖ ചെലവ് പത്രിക

എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കാണുന്നു.

| ഫണ്ടിനം | എ.സി.ആർ പ്രകാരം | | | ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക, | | |
|---|---|---|---|---|---|---|
| | വരവ് | ചെലവ് | നീക്കി ബാക്കി | വരവ് | ചെലവ് | നീക്കി ബാക്കി |
| വികസന ഫണ്ട് (ജനറൽ) | 12441149 | 11340415 | 1100734 | 12441149 | 13093391 | 652242 |
| എസ്സ്.സി.പി. | 10747343 | 10747343 | 0 | 10747343 | 10806000 | 58657 |
| മെയിന്റൻസ് ഫണ്ട്(നോൺറോഡ്) | 4014976 | 3834397 | 180579 | 4014976 | 3875421 | 139555 |

മേൽ പ്രകാരമുള്ള ഫണ്ടിനത്തിൽ ചെലവിനത്തിലും, നിക്കീബാക്കിയിലും അപാകതകൾ കാണുന്നു.

വാർഷിക കണക്കിൽ ലഭ്യമാക്കിയ കുറിപ്പുകൾ പ്രകാരം ചെലവിനങ്ങളിലെ വ്യത്യാസം എന്നത് സോഴ്സിൽ നിന്നും കുറവ് ചെയ്ത ജി.ഒ. പ്രോജക്ടിലെ ചെലവുകൾ കാരണമാണെന്ന് കാണിച്ചിട്ടുണ്ട്.

20-21 ലെ വിവിധ ഫണ്ടിനങ്ങളുടെ വ്യത്യസ്ത മേഖലയിലെ അലോക്കേഷൻ തുക സുലേഖ ചെലവു പത്രിക യിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | മേഖല | സുലേഖയിലെ അലോക്കേഷൻ | ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രികയിലെ അലോക്കേഷൻ |
|---|---|---|---|
| വികസനഫണ്ട് ജനറൽ | ഉത്പാദനം | 3565168 | 7178348 |
| | സേവനം | 10073324 | 48076508 |
| സംരക്ഷണഗ്രാന്റ്(റോഡ്) | പശ്ചാത്തലം | 19770606 | 20007816 |
| സി.എഫ്.സി | സേവനം | 4638000 | 6763000 |
| | പശ്ചാത്തലം | 6594680 | 6794680 |
| സംരക്ഷണഗ്രാന്റ് റോഡിതരം | സേവനം | 4220713 | 3311713 |

| | | | |
|---|---|---|---|
| | പശ്ചാത്തലം | 1561311 | 2553933 |

ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രികയിലെ അപാകതകൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ട താണ്.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിന്റെയും ആയത് നടപ്പിലാക്കിയതിന്റെയും വിശദവിവരം താഴെക്കൊടുക്കുന്നു.

| അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ | നടപ്പിലാക്കിയ പ്രൊജക്ടുകളുടെ എണ്ണം | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്ത പ്രൊജക്ടുകൾ |
|---|---|---|---|
| 271 | 201 | 9 | 61 |

വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 271 പ്രൊജക്ടുകൾക്കാണ് സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ചത്. ആയതിൽ 201 പ്രൊജക്ടുകൾക്ക് സാമ്പത്തിക വർഷത്തിൽ തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്. സാമ്പത്തിക വർഷം വിവിധ പ്രൊജക്ടുകൾക്കായി 109505998 രൂപ വകയിരുത്തിയതിൽ 73847112 രൂപ മാത്രമെ പ്രൊജക്ടുകൾക്കായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളു. യഥാസമയം പ്രൊജക്ടുകൾ പൂർത്തീകരിച്ച് ട്രഷറിയിൽ ബിൽ സമർപ്പിക്കുന്നതിൽ വന്ന കാലതാമസം കാരണം ലഭ്യമായ വികസന ഫണ്ട്/ മെയിന്റനൻസ് ഗ്രാന്റിനങ്ങളിൽ പഞ്ചായത്തിന് ലഭ്യമായ തുക പൂർണ്ണമായി വിനിയോഗിക്കാൻ കഴിയാതെ ലാപ്സായിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | അലോട്ട് മെന്റ് പ്രകാരം ലഭ്യമായ തുക | ചെലവുവന്ന തുക | ലാപ്സായ തുക |
|---|---|---|---|
| C.F.C.ഗ്രാന്റ് (Untied) | 9292756 | 7286619 | 2006137 |
| C.F.C.ഗ്രാന്റ് (Tied) | 5530000 | 1394232 | 4135768 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 4014976 | 3834397 | 180579 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 13576000 | 13576000 | - |
| വികസന ഫണ്ട് ജനറൽ | 12441149 | 11340415 | 1100734 |
| വികസന ഫണ്ട് -SCP | 10747333 | 10747333 | - |
| ആകെ - | 55602214 | 48178996 | 7423218 |

സാമ്പത്തിക വർഷത്തിൽ വിവിധ ഫണ്ടിനങ്ങളിൽ സർക്കാരിൽ നിന്നും ലഭ്യമായ 55602214 രൂപയിൽ 48178996 രൂപ വിനിയോഗിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. വികസനഫണ്ട് എസ്.സി.പി, മെയിന്റനൻസ് ഗ്രാന്റ് റോഡ് ഇനങ്ങളിൽ പഞ്ചായത്തിന് ലഭ്യമായ മുഴവൻ തുകയും വിനിയോഗിച്ചിട്ടുണ്ട്. സെൻട്രൽ ഫൈനാൻസ് ഗ്രാന്റിനങ്ങളിൽ ലഭ്യമായ തുകയിൽ നല്ലൊരുവശതമാനം വിനിയോഗിക്കുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ഈ ഇനത്തിൽ ലഭ്യമായ 14822756 രൂപയിൽ 6141905 രൂപ ചെലവഴിക്കാതെ ലാപ്സായിട്ടുണ്ട്. മുൻവർഷത്തെ അപേക്ഷിച്ച് അസിസ്റ്റന്റ് എഞ്ചിനീയറുടെ ഫണ്ട് വിനിയോഗം എടുത്തു പറയാവുന്നതാണ്. ആകെ 162 പ്രൊജക്റ്റുകൾ നടപ്പിലാക്കാനുണ്ടായിരുന്നതിൽ 123 പ്രൊജക്റ്റുകൾക്ക് തുക ചെലവഴിച്ച് മെയിന്റനൻസ് ഗ്രാന്റ് റോഡിനത്തിൽ ലഭ്യമായ മുഴവൻ തുകയും വിനിയോഗിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് കഴിഞ്ഞിട്ടുണ്ട്. മറ്റ് നിർവഹണ ഉദ്യോഗസ്ഥരിൽ സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി എന്നിവരൊഴികെയുള്ള നിർവഹണ ഉദ്യോഗസ്ഥർക്കെല്ലാം തന്നെ തങ്ങളുടെ പ്രൊജക്റ്റുകളിൽ ഭൂരിഭാഗവും നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സ് പരിശോധിച്ചതിൽ പ്രൊജക്റ്റുകളുടെ രൂപീകരണം , നിർവഹണം എന്നിവയിൽ ശ്രദ്ധ ചെലുത്തുകയും നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം അവലോകനം നടത്തുകയും ചെയ്തുവരുന്നുണ്ട്. എന്നാൽ മറ്റ് സ്റ്റാന്റിംഗ് കമ്മറ്റികൾ തങ്ങൾക്ക് കീഴിലുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം സംബന്ധിച്ച് നിരന്തര വിലയിരുത്തൽ നടത്തി കാണുന്നില്ല. പഞ്ചായത്ത് ഭരണസമിതി യോഗങ്ങളിലും പ്രൊജക്റ്റുകളുടെ നിർവഹണം സംബന്ധിച്ച വിലയിരുത്തൽ നടത്തിയതായി കാണുന്നില്ല. പദ്ധതി രൂപീകരണശേഷം മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട മേഖലകളിൽ തങ്ങളെ ഏൽപിച്ച ഉത്തരവാദിത്വം നിറവേറ്റുന്നതിനായി പ്രവർത്തന ങ്ങളൊന്നും നടത്തി കാണുന്നില്ലെന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ചില വർക്കിംഗ് ഗ്രൂപ്പുകൾ സാമ്പത്തിക വർഷത്തിൽ പ്രൊജക്റ്റുനിർദ്ദേശങ്ങൾ സമർപ്പിക്കാൻ മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്. ചില വർക്കിംഗ് ഗ്രൂപ്പുകൾ നിശ്ചിത ക്വാറം ഇല്ലാതെയും യോഗം ചേർന്ന് തീരുമാനം കൈകൊണ്ടുകാണുന്നു. ഉദാ- 15.1.20 ൽചേർന്ന സാമൂഹ്യ ക്ഷേമം വർക്കിംഗ് ഗ്രൂപ്പ്, 28.3.20 ൽ ചേർന്ന പട്ടികജാതി വികസന വർക്കിംഗ് ഗ്രൂപ്പ്. വർക്കിംഗ് ഗ്രൂപ്പുകളിൽ ഭൂരിഭാഗവും യോഗമിനുട്സ് തയ്യാറാക്കി സൂക്ഷിക്കുന്നതിലും വീഴ്ച സംഭവിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ നിർവഹിക്കുന്നതോടൊപ്പം യഥാസമയം യോഗം ചേർന്ന് യോഗമിനുട്സുകൾ യഥാവിധി എഴുതി സൂക്ഷിക്കേണ്ടതും പ്രൊജക്റ്റുകളുടെ നിർവഹണത്തിൽ മോണിട്ടറിംഗ് നടത്തിവരുന്നു എന്ന് ഉറപ്പുവരുത്തേ ണ്ടതുമാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 586238 | 922221 | 1508459 | 1476542 | 31917 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നല്കുന്ന തുക | 0 | 42137000 | 42137000 | 42137000 | 0 |

ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കുവാൻ സന്നദ്ധരായ അവിദഗ്ദ്ധ തൊഴിലാളികളുള്ള കുടുംബങ്ങൾക്ക് ഒരു സാമ്പത്തിക വർഷം കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച തൊഴിലുറപ്പ് പദ്ധതിയുടെ പഞ്ചായത്ത് തലത്തിലെ പ്രവർത്തനങ്ങൾ, നൽകുന്ന സേവനങ്ങൾ തുടങ്ങിയവയുടെ തൻവർഷത്തെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ആകെ വാർഡുകളുടെ എണ്ണം | 17 |
| ഗ്രാമപഞ്ചായത്തിലെ ആകെ കുടുംബങ്ങളുടെ എണ്ണം | 7200 |
| തൊഴിലുറപ്പ് പദ്ധതിക്കായി രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 5233 |
| തൻവർഷം തൊഴിൽ നൽകിയ കുടുംബങ്ങളുടെ എണ്ണം | 2524 |
| തൻവർഷം 100 ദിവസം തൊഴിൽ നൽകിയ കുടുംബങ്ങളുടെ എണ്ണം | 1033 |
| ഒരു കുടുംബത്തിന് തൻവർഷത്തിൽ നൽകിയ തൊഴിൽ ദിനങ്ങളുടെ ശരാശരി | 63.88 |
| ഷെൽഫ് ഓഫ് പ്രൊജക്ട് പ്രകാരം തൻവർഷത്തെ പദ്ധതികളുടെ എണ്ണം | 2439(AAP-485) (Addl.AAP-1954) |
| വകയിരുത്തിയ തുക | 5,7490000 |
| നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | 625 |
| കൂലിയിനത്തിലെ ചെലവ് (അൺ സ്കിൽഡ് ) | 42,137000 |
| | |

| | |
|---|---|
| കൂലിയിതരയിനത്തിലെ ചെലവ് (സ്കിൽഡ്) | 2377000 |
| തൊഴിലുപകരണങ്ങൾ വാടകയ്ക്ക് നൽകി തൻവർഷം ലഭിച്ച തുക | - |
| ലേബർ ബജറ്റ് പ്രകാരമുള്ള ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) | 57490000 |
| ലേബർ ബജറ്റ് പ്രകാരമുള്ള ആകെ ചെലവ് | 48975000 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12-10-2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ഡേബുക്ക് പ്രകാരമുള്ള ആകെ 6909/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു

## 1-8 തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 10099100 | 500 |
| വിധവാപെൻഷൻ | 25789100 | 1256 |
| വാർദ്ധക്യകാലപെൻഷൻ | 48616900 | 2860 |
| വികലാംഗപെൻഷൻ | 748200 | 352 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2338000 | 117 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 300000 | 10 |
| തൊഴിൽ രഹിത വേതനം | 59760 | 92 |

## 1-9 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ

സംവിധാനം അത്യന്താപേക്ഷിതമാണ് . വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തു മ്പോൾ ഗ്രാമപഞ്ചായത്തിന്റെ അഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

പഞ്ചായത്തിൽ കൃത്യമായ ജോലിവിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്തങ്ങൾ 2021 ജനവരി ഒന്നാം തിയ്യതിയിലെ 6/18 നമ്പർ ഉത്തരവുപ്രകാരം വിഭജിച്ചു നൽകിയിട്ടുണ്ട്. പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയുരുത്തുന്ന കാര്യത്തിൽ സാമ്പത്തിക വർഷത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. എല്ലാ പിരിവ് ജീവനക്കാരുടെയും കലക്ഷൻ രജിസ്റ്റർ പരിശോധിച്ച് പിരിച്ചെടുത്ത തുക കൃത്യമായി അടവാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിൽ മേലുദ്യോഗസ്ഥർ വീഴ്ച വരുത്തിയിട്ടുണ്ട്. ജീവനക്കാരുടെ ദൈനംദിന കലക്ഷനുകളുടെ കൃത്യത ആരും പരിശോധനക്ക് വിധേയമാക്കുന്നില്ല. ക്യാഷ്ബുക്ക്, ഡേബുക്ക് എന്നിവ ദിവസേന സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ബാങ്ക്, ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ തയ്യാറാക്കി ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വിവിധ ഡി.സി.ബി. രജിസ്റ്ററുകൾ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററൊഴികെയുള്ളവ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററുകൾ കുറ്റമറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിച്ചതായി കാണുന്നില്ല. പഞ്ചായത്തിലെയും കൈമാറികിട്ടിയ സ്ഥാപനങ്ങ ളിലെയും ജീവനക്കാറുടെ പേരും വിലാസവും രേഖപ്പെടുത്തി സൂക്ഷിക്കേണ്ട ഇൻകുമ്പൻസി മാസ്റ്റർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. വൗച്ചറുകൾ പ്രസിഡണ്ട് പരിശോധിച്ച് ആധികാരികമാക്കുന്നുണ്ട്. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും 2010-11 വർഷം വരെയുള്ള റിപ്പോർട്ടുകളിലെ അപാകതകൾ പരിഹരിക്കാൻ ഊർജിതമായ നടപടികൾ ഉണ്ടായിട്ടുണ്ടെങ്കിലും മറ്റ് റിപ്പോർട്ടുകൾക്ക് യഥാസമയം പ്രഥമ മറുപടി സമർപ്പിക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്. 2016-17, 2017-18 വർഷ ഓഡിറ്റ് റിപ്പോർട്ടുകൾ പുറപ്പെടുവിച്ചശേഷം നിശ്ചിത സമയപരിധിക്കകം മറുപടി ലഭ്യമാക്കിയിട്ടില്ല. മുൻവർഷ ങ്ങളിൽ വിവിധ വരവിനങ്ങളിലെ ഓഡിറ്റ് പരാമർശങ്ങൾ പരിഹരിച്ചതായി മറുപടി ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ പരാമർശങ്ങൾ ഒഴിവാക്കി നൽകിയിട്ടുണ്ടെങ്കിലും നിലവിലും സമാന അപാകതകൾ തുടർന്നു വരുന്ന പ്രവണതയുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഡിമാന്റ് ചെയ്യപ്പെട്ട നികുതി/നികുതിയേതരവരവുകൾ പിരിച്ചെടുക്കുന്നതിനാ വശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ടെങ്കിലും കേരള പഞ്ചായത്ത് രാജ് നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ച് നികുതി , നികുതിയേതര വരുമാനങ്ങൾ മുഴുവൻ ഡിമാന്റ്

ചെയ്യപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നു ണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല. ഇത്തരം നടപടികളുടെ അപര്യാപ്തതമൂലം പഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടാവാൻ ഇടയാകുന്നു. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രതിമാസ വരവുചെലവുകണക്കുകൾ അംഗീകരിക്കു മ്പോൾ കണക്കുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

ഫീൽഡ് ജോലിക്ക് നിയോഗിക്കപ്പെട്ട ജീവനക്കാർ തങ്ങളുടെ കൃത്യനിർവഹണത്തിൽ വീഴ്ചവരുത്തുന്നത് മൂലം, കെട്ടിടനിർമ്മാണം, മാലിന്യ സംസ്കരണം, ഡി&ഒ, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതല ഏൽപിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ടു ചെയ്യപ്പെടാതിരിക്കുകയും, ബന്ധപ്പെട്ട മേഖലകളിൽ പഞ്ചായത്തിന്റെ തുടർനടപടി ഇല്ലാതിരിക്കുകയും, ആയതുകൊണ്ടു തന്നെ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവുകയും ചെയ്യുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്.

ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥർ സമർപ്പിച്ച് ബജറ്റ് പ്രപ്പോസലുകളും ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റാന്റിംഗ് കമ്മറ്റികൾ അംഗീകരിച്ചുനൽകിയ ബജറ്റ് നിർദ്ദേശങ്ങളും അടങ്ങുന്ന ഫയൽ സൂക്ഷിക്കുന്നതായി കാണുന്നില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച്, അഭ്യന്തരനിയന്ത്രണസംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയി ക്കേണ്ടതാണ്.

1-10 രസീറ്റ് പിരിവിലെ അപാകതകൾ

പഞ്ചായത്തിലെ രസീത് പിരിവ് പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) രസീത് ബുക്കുകൾ ഇഷ്യൂ ചെയ്യുമ്പോൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

2) രസീത് ബുക്ക്, കലക്ഷൻ രജിസ്റ്റർ എന്നിവ പ്രകാരം അതാത് ദിവസത്തെ കലക്ഷൻ പഞ്ചായത്തിൽ ഒടുക്കുന്നതിലെ കൃത്യത ചുമതലപ്പെട്ടവർ കലക്ഷൻ രജിസ്റ്ററിൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

3) രസീതികൾ ക്യാൻസൽ ചെയ്യുന്നത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ഉദാ.

| ബുക്ക് നം | രസീറ്റ് നം |
|---|---|
| 41979 | 49 |
| 62667 | 98 |
| 62671 | 56 |
| 62676 | 1 |
| 62684 | 16 |

4) രസീറ്റുകൾ എഴുതുകയും കോപ്പി പണമടച്ചവർക്ക് നൽകാതെയും ക്യാൻസൽ ചെയ്യാതെയും തുക പഞ്ചായത്തിൽ ഒടുക്കാതെയും വച്ച് പോരുന്നു.

ഉദാ.

A) ബുക്ക് നം 62657ലെ രസീത് നമ്പർ 46 ൽ 306/- രൂപ കലകഷനുണ്ട്. ഇത് ക്യാൻസൽ ചെയ്യുകയോ തുക പഞ്ചായത്തിൽ അടയ്ക്കുകയോ ചെയ്തിട്ടില്ല.

B) ബുക്ക് നം 62666ലെ രസീത് നമ്പർ 1 ൽ 229/- രൂപ കലക്ഷനുണ്ട്. ഇത് ക്യാൻസൽ ചെയ്യുകയോ തുക പഞ്ചായത്തിൽ അടയ്ക്കുകയോ ചെയ്തിട്ടില്ല.

C)ബുക്ക് നം 62678ലെ രസീത് നമ്പർ 17 ൽ 323/- രൂപയും, 18 ൽ 414/- രൂപയും കലകഷനുണ്ട്. ഇത് ക്യാൻസൽ ചെയ്യുകയോ തുക പഞ്ചായത്തിൽ അടയ്ക്കുകയോ ചെയ്തിട്ടില്ല.

5) രസീത് ബുക്കുകളിൽ തീയതി രേഖപ്പെടുത്താതെ രസീറ്റ് എഴുതി നൽകുന്നു, ഉദാഹരണം ചുവടെ കൊടുക്കുന്നു

| രസീത് ബുക്ക് നം | തീയതി രേഖപ്പെടുത്താതെ എഴുതിയ രസീറ്റ് നം |
|---|---|
| 41975 | 73 To 81, 94 To 98 |
| 41977 | 1 To 10, 27 To 29, 95 To 97 |
| 41980 | 7 To 43 |
| 62655 | 29 To 35 |
| 62678 | 2 To 100 |
| 62686 | 1 To 15, 18,21,27 |

6) സാമ്പത്തിക വർഷാവസാനം ഉപയോഗിക്കാത്ത രസീതുകൾ ക്യാൻസൽ ചെയ്യാതെ സൂക്ഷിക്കുന്നു. ഉദാ. ചുവടെ കൊടുക്കുന്നു.

| ബുക്ക് നം | ഉപയോഗിക്കാതെ ശേഷിക്കുന്ന രസീറ്റുകൾ |
|---|---|
| 62686 | 28 To 100 |
| 41979 | 75 To 100 |
| 62679 | 999,100 |
| 41976 | 92 To 100 |
| | |

| | |
|---|---|
| 62680 | 65 To 100 |
| 62689 | 71 To 100 |
| 41620 | 49 To 100 |

രസീത് ബുക്ക് പിരിവ് കൃത്യത ചുമതലപ്പെട്ടവർ പരിശോധിക്കാത്തത് പഞ്ചായത്തിന്റെ വീഴ്ചയാണ്. തീയതി രേഖപ്പെടുത്താതെ രസീത് എഴുതുന്നതും രസീതുകൾ ക്യാൻസൽ ചെയ്യാതെയും രസീത് തുക പഞ്ചായ ത്തിലടയ്ക്കാതെയും തുടരുന്നത് ഗുരുതര കൃത്യവിലോപമാണ്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (30/21 തീ 23.10.21) യിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-11 അനധികൃത കെട്ടിടത്തിന്റെ ഡിമാന്റ് ക്യാൻസൽ ചെയ്തത് സംബന്ധിച്ച്

പഞ്ചായത്തിലെ അനധികൃത നിർമ്മാണ രജിസ്റ്റർ പ്രകാരം മലബാർ മെഡിക്കൽ കോളജിന്റെ യു.എ നമ്പർ നൽകിയ 1/1053 UA, 1/1054 UA, 1/1055 UA, 1/1059 UA എന്നീ ഹോസ്റ്റൽ കെട്ടിടങ്ങളുടെയും 1/1056 UA നമ്പർ റസിഡൻഷ്യൽ ക്വോട്ടേഴ്സിന്റെയും നിർമ്മാണം പൂർത്തിയാക്കിയ തീയതിയായി രേഖപ്പെടുത്തിയിരി ക്കുന്നത് 06-03-2013 ന് ആണ്. സഞ്ചയ പ്രകാരം നികുതി കണക്കാക്കിയിരിക്കുന്നതും 2013-14 മുതൽക്കാണ്. എന്നാൽ സഞ്ചയയിലെ ക്യാൻസൽഡ്/സസ്പെക്റ്റ് ചെയ്തിട്ടുള്ള ഡിമാന്റ് വിവരങ്ങൾ എന്നതിൽ 2013-14 വർഷത്തെ നികുതി ക്യാൻസൽ/സസ്പെക്റ്റ് ചെയതതായി കാണുന്നു. സഞ്ചയയിലെ കലക്ഷൻ വിവരങ്ങളിൽ 2013-14 വർഷത്തെ നികുതി ഈടാക്കിയതായി കാണുന്നില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (26/20-21 തീ 23.10.21) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി ഒഴിവാക്കിയ തിന് വ്യക്തമായ കാരണം ലഭ്യമാക്കാത്ത പക്ഷം നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്.

## 1-12 പഞ്ചായത്തിലെ വസ്തുനികുതി നിരക്ക് ഭേദഗതി നടതിയത് സഞ്ചയയിൽ മാറ്റം വരുത്തിയില്ല- നികുതി നഷ്ടം

പഞ്ചായത്ത് ഭരണസമിതിയുടെ 6/11/2019 ലെ 9(1) നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് നികുതി നിരക്ക് ഭേദഗതി വരുത്തിയിരുന്നു. എന്നാൽ ഇത് പ്രകാരം സഞ്ചയയിൽ മാറ്റം വരുത്താത്തതിനാൽ 2020-21 ൽ നികുതി കണക്കാക്കിയ ചുവടെ കൊടുത്ത കെട്ടിടത്തിന്റെ നികുതിയിൽ കുറവുണ്ടായി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ഗണം | പുതുക്കിയ നിരക്ക് |
|---|---|
| സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ | 40 |
| ഇതര വ്യവസായാവശ്യത്തിനുള്ളവ | 45 |
| വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീ വരെ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ് | 51 |

| ഷോപ്പിംഗ്മാൾ | |
|---|---|

മേൽ കോളത്തിൽ കൊടുത്ത വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീ വരെ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ് ഷോപ്പിംഗ് മാൾ എന്ന ഗണത്തിൽ 2020-21ൽ നമ്പറിട്ട 9/752 A, B, C, D, F, G, H, I, J എന്നീ കെട്ടിടങ്ങൾക്ക് പഴയ നിരക്കായ 30/- യാണ് അടിസ്ഥാന വസ്തു നികുതി നിരക്കായി നൽകിയത്. ഇത് 51 രൂപ നിരക്കിലാ യിരുന്നു നൽകേണ്ടിയിരുന്നത്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (31/20-21 തീ 23-10-21)മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-13 തൊഴിൽ നികുതി പൂർണ്ണമായും ഡിമാന്റ് ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല.

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യപാരം, വ്യവസായം, മറ്റ് വരുമാന മാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പെടെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധി ക്കുള്ളിൽ വന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. രജിസ്റ്ററുകളുടെ പരിപാലന ത്തിലെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലുള്ള നടപടിക്രമങ്ങളിലെയും വീഴ്ചകൾ ഇത് വ്യക്തമാക്കു ന്നു.

1. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം -വകുപ്പ് 205.ബി .പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെ ഉടമയോടോ കൈവശക്കാരനോടോ ഹോട്ടൽ ലോഡ്ജ് നടത്തിപ്പുകാരോടോ അവരുടെ കെട്ടിടത്തിന്റെ താമസക്കാരെകുറിച്ചും അവരുടെ തൊഴിലിനെയോ ഉദ്യോഗത്തെയോ വാടകയെ സംബന്ധിച്ചും രേഖാമൂലമുള്ള ലിസ്റ്റ് സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതാണ്.(ചട്ടം 13) ഇത്തരത്തിൽ നോട്ടീസ് നൽകിയതായി കാണുന്നില്ല.

2. മേൽ നിയമം 205.ഐ പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ച് കൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഓരോ വാർഡിലെയും ചുമതലപ്പെട്ട ക്ലാർക്കുമാർ ഇൻസ്റ്റിറ്റ്യൂഷൻ/നികുതി ബാധകമായ സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. എന്നാൽ വാർഡ്തല ഇൻസ്റ്റിറ്റ്യൂഷൻ/നികുതി ബാധകമായ സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി സമർപ്പിച്ചതായി കാണുന്നില്ല.

3.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ലൈസൻസ്ഡ് ബിൽഡിംഗ് കോൺട്രാക്ടേഴ്സ്, റേഷൻഷോപ്പ് ഉടമകൾ തുടങ്ങിയവരെ നികുതി പരിധിയിൽ കൊണ്ടുവന്നിട്ടില്ല.

4.അസിസ്റ്റന്റ് എഞ്ചിനീയറുടെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം 2020-21 ൽ കരാർ വെച്ച, താഴെ കൊടുത്ത കരാറുകാരിൽ നിന്നും നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | കരാറുകാരന്റെ പേര് |
|---|---|
| 1 | റിജു.എം.വി, സുദേവം |

| | |
|---|---|
| 2 | ഷമേജ്.ടി, തട്ടാരയിൽ |
| 3 | അത്തോളി ലേബർ കോൺട്രാക്ട് കോ-ഓപ്പ് സൊസൈറ്റി |
| 4 | സുഗുണൻ.പി, പുളിക്കൽ |
| 5 | അനിൽകുമാർ.സി.കെ |
| 6 | സുനിൽകുമാർ നെടിയാറമ്പത്ത് |
| 7 | മോഹനൻ.ഒ.കെ, ഒമ്പതുകണ്ടി കുനിയിൽ |
| 8 | വി.അഷറഫ്, വാഴപ്പറോൽ |
| 9 | ശശീന്ദ്രൻ തിരുവോത്ത് |
| 10 | ജനപ്രിയ ലേബർ കോൺട്രാക്ട് കോ-ഓപ്പ് സൊസൈറ്റി |
| 11 | ഗുരുദാസ്.പി.എം, പറയമുണ്ടക്കൽ |
| 12 | റിജേഷ്.കെ.കെ, മണ്ണാങ്കണ്ടി |
| 13 | രാജു.കെ, കിണറുള്ളതിൽ |
| 14 | ഉദയകുമാർ |

5.വിവിധ തൊഴിൽമേഖലകളിലേക്കായി അതിഥി തൊഴിലാളികളെ കൊണ്ടുവരുന്ന കരാറുകാരുടെയും അതിഥി തൊഴിലാളികളുടെയും ലിസ്റ്റ് പോലീസ് സ്റ്റേഷനിൽനിന്നും ശേഖരിച്ച് നികുതി പരിധിയിൽ കൊണ്ടുവന്നിട്ടില്ല.

6.ഓരോ സ്ഥാപനത്തിലെയും ഒന്നാം അർദ്ധവർഷം നികുതിഅടവാക്കിയ ജീവനക്കാർ രണ്ടാം അർദ്ധവർഷം നികുതി അടവാക്കിയിട്ടില്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുന്നില്ല.

7.ഭിന്നശേഷിക്കാരാണ് എന്ന കാരണത്താൽ നികുതിയിൽ നിന്നും ഒഴിവാക്കുന്ന സന്ദർഭങ്ങളിൽ ആയത് തെളിയിക്കുന്നതിനുള്ള രേഖകൾ പരിശോധിച്ചുറപ്പുവരുത്തുന്നില്ല.

8.താഴെ കൊടുത്ത സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | വിശദാംശം |
|---|---|---|
| 1 | കൊങ്ങന്നൂർ ക്ഷീരോൽപാദക സഹകരണ സംഘം | സ്ഥാപനത്തിന്റെ ഒന്നും രണ്ടും അർദ്ധ വർഷങ്ങളിലെ നികുതി ഈടാക്കിയിട്ടില്ല. |
| 2 | കൊളക്കാട് ക്ഷീരോൽപാദക സഹകരണ സംഘം | ,, |
| 3 | വേളൂർവെസ്റ്റ് ക്ഷീരോൽപാദക സഹകരണ സംഘം | ,, |
| 4 | മുത്തൂറ്റ് ഫിൻകോർപ്പ് | ,, |
| 5 | മുത്തൂറ്റ് മിനി നിധി ലിമിറ്റഡ് | ,, |
| 6 | അത്തോളി കോ-ഓപ്പ് ഹോസ്പിറ്റൽ | ,, |

| | | |
|---|---|---|
| 7 | TS.No.37 കണ്ണിപ്പൊയിൽ കള്ളുഷാപ്പ് | ,, |
| 8 | TS.No.38 കൊടശ്ശേരി കള്ളുഷാപ്പ് | ,, |
| 9 | നടുവണ്ണൂർ റീജിയണൽ കോ-ഓപ്പ് ബാങ്ക്,കൊടശ്ശേരി | സ്ഥാപനത്തിന്റെ ഒന്നും രണ്ടും അർദ്ധ വർഷങ്ങളിലെ നികുതിയും ജീവനക്കാരുടെ ഒന്നാം അർദ്ധവർഷത്തെ നികുതിയും ഈടാക്കിയിട്ടില്ല. |

9.സ്ഥാപന രജിസ്റ്ററിലെയും ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്ററിലെയും പേരുകളും കച്ചവട സ്ഥാപനങ്ങളുടെ ഡിമാന്റ് രജിസ്റ്ററിലെ പേരുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ആയതുകൊണ്ട് എല്ലാ സ്ഥാപനങ്ങളുടെയും നികുതി ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്താനായിട്ടില്ല.

അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (05/20-21 തി. 21.10.21) മറുപടി ലഭ്യമാക്കിയിട്ടില്ല.

നികുതി ചോർച്ച ഒഴിവാക്കുന്നതിനായി നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളെയും എല്ലാ തൊഴിലാളികളെയും തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും ഈടാക്കുന്ന നികുതിയുടെ കൃത്യത ഉറപ്പുവരുത്തേണ്ടതുമാണ്. മേൽ കാണിച്ച സ്ഥാപനങ്ങൾ/വ്യക്തികൾ എന്നിവരിൽനിന്ന് നികുതി ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-14 ട്രേഡേഴ്സിന്റെ തൊഴിൽ നികുതി ഈടാക്കുന്നതിൽ കൃത്യതയില്ല

ഗ്രാമപഞ്ചായത്തിന്റെ ട്രേഡേഴ്സ് ലിസ്റ്റിൽ 2338 സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ട്രേഡേഴ്സിന്റെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 690 ഡിമാന്റുകളിൽ നിന്നുമാത്രമാണ് നികുതി ഈടാക്കിയിരിക്കുന്നത്. ബാക്കി സ്ഥാപനങ്ങളിൽ നിന്നും അവയിലെ തൊഴിലാളികളിൽ നിന്നും നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നല്കേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ്. (നിയമം 205ബി, ചട്ടം13 എന്നിവ കാണുക) എന്നാൽ ഇപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാത്തതുകൊണ്ട്, കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവർ മാത്രമല്ല കെട്ടിട ഉടമകളും നികുതി പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടു. ട്രേഡേഴ്സിന്റെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തത് കഴിഞ്ഞ് 1648 സ്ഥാപനങ്ങൾ ഉണ്ടെന്നുള്ളതിനാൽ പരാമവധി അത്രയും ഡിമാന്റുകൾ കൂടി തൊഴിൽ നികുതിയുടെ കാര്യത്തിൽ ഉണ്ടാവേണ്ടതുണ്ട് എന്നാൽ അതുണ്ടായിട്ടില്ല. വിവിധ വാണിജ്യ/ വ്യവസായ ആവശ്യങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ സ്ഥാപന തൊഴിൽനികുതി ഈടാക്കുന്നുണ്ടെങ്കിലും സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന മുഴുവൻ തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല എന്നത് ലൈസൻസ് സംബന്ധമായ രേഖകൾ പരിശോധിച്ചതിൽ നിന്നും

വ്യക്തമാകുന്നു. ട്രേഡേഴ്സിന്റെ കാര്യത്തിൽ, പിരിച്ചെടുത്ത നികുതി പോലും ചട്ടങ്ങളിൽ പ്രതിപാദിച്ച നടപടിക്രമങ്ങളിലൂടെയല്ല കണക്കാക്കി ഈടാക്കിയത്. സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങിയാണ് നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടത്. എന്നാൽ ഒരു നിശ്ചിത തുക ഈടാക്കുന്ന രീതിയാണ് നടന്നു വരുന്നത്. ഇത് വരുമാന ചോർച്ചയ്ക്ക് ഇടയാക്കുന്നു എന്നതു പോലെ ചട്ടങ്ങളുടെ ലംഘനവുമാണ് . നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നത് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടാണെന്ന് സൂപ്പർവൈസറി തലത്തിൽ പരിശോധിക്കപ്പെടാത്തതും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നികുതി പിരിവുമായി ബന്ധപ്പെട്ട് കൃത്യമായ ഇടപെടൽ നടത്താത്തതും നികുതി പിരിവിലെ മേൽ അപാകതകൾക്ക് കാരണമായി. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07/20-21 തിയ്യതി 21.10.21) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിൽ കുറ്റമറ്റ രീതിയിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുകയും ലിസ്റ്റിലുൾപ്പെട്ട് എല്ലാവരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-15 FTE&OS ലൈസൻസ്-അപാകതകൾ

FTE&OS ലൈസൻസ് വരവ് പരിശോധനയുടെ ഭാഗമായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ, ലൈസൻസുകളുടെ കോപ്പികൾ, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2020-21 ലെ ട്രേഡേഴ്സ് ലിസ്റ്റിൽ 2338 പേർ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ 690പേരാണ് ഡിമാന്റ് രജിസ്റ്റർ പ്രകാരം ലൈസൻസിനായി ഫീസ് അടവാക്കിയിട്ടുള്ളത്. ഇതിൽ നിന്നും ബാക്കിയുള്ള 1648 പേർ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായി അനുമാനിക്കാവുന്നതാണ്. ഇതു പഞ്ചായത്തിന് വരുമാന നഷ്ടത്തിനും ലൈസൻസില്ലാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനും ഇടയാക്കുന്നു.

ട്രേഡേഴ്സ് ലിസ്റ്റ് ഒപ്പുവച്ച് അധികൃതമാക്കുകയോ പട്ടികയിൽ വർഷം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. പരിശോധനക്ക് ലഭ്യമാക്കിയ ലിസ്റ്റിൽ ക്രമ നമ്പർ, കെട്ടിട ഉടമയുടെ പേര്, കൈവശക്കാരന്റെ പേര്, കച്ചവടത്തിന്റെ വിശദാംശം, ലൈസൻസിന്റെ വിവരങ്ങൾ, പൂട്ടികിടക്കുന്നവ തുടങ്ങിയ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടില്ല. സ.ഉ (സാധാ) നം. 2511/07തസ്വഭവ തി. 22.07.2017 പ്രകാരം നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് സൂക്ഷിക്കേണ്ടതാണ്.

അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (04/2020-21-തിയ്യതി 21.10.21) മറുപടി ലഭ്യമാക്കിയിട്ടില്ല. വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് കുറ്റമറ്റരീതിയിൽ തയ്യാറാക്കി എല്ലാവരും ലൈസൻസ് എടുത്തുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-16 ദുരിതാശ്വാസ നിധി രൂപീകരണം

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിദാശ്വാസനിധി രൂപീകരണവുംവിനിയോഗവും) ചട്ടങ്ങൾ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം അഗ്നിബാധ , മാറാരോഗങ്ങൾ മുതലായവ മൂലം ദുരിതമനു ഭവിക്കുന്നവരും, ഗ്രാമപഞ്ചായത്ത്പരിധിയിൽ നിവസിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി ഓരോ പഞ്ചായത്തിലും ഒരു പ്രമേയം മൂലം ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിദാശ്വസ നിധി രൂപീകരിക്കാവു ന്നതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. ചട്ടം 3(4) പ്രകാരം നിധിയുടെ വരവുചെലവുകൾ കൈകാര്യം ചെയ്യുന്നതിനായി ഒരു ദേശസാൽകൃത ബാങ്കിൽ സെക്രട്ടറിയുടെ പേരിൽ ഒരു ബാങ്ക് അക്കൗണ്ട് സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഓഡിറ്റ് പരിശോധനയിൽ പഞ്ചായത്തിൽ ദുരിദാശ്വാസനിധി രൂപീകരിച്ചതിന്റെ രേഖകളോ, ആയതിൽ നിന്നുള്ള വരവ് ചെലവ് വിവരങ്ങളോ പരിശോധനക്ക് ലഭ്യമായിട്ടില്ല. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഈ ആവശ്യത്തിനായി 8.1.2013 ൽ ഒരു അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിലും ആയതിൽ നാളിതുവരെ തുകയൊന്നും ചെലവഴിച്ചുകാണുന്നില്ല. പ്രസ്തുത അക്കൗണ്ടിൽ നിലവിൽ 39012 രൂപ നീക്കിയിരിപ്പുണ്ട്. ദുരിദാശ്വാസനിധി ഫണ്ടിൽ നിന്നും അർഹർക്ക് ആനുകൂല്യം ലഭ്യമാക്കാൻ നടപടികളില്ലാത്തതിന് കാരണം വിശദമാക്കേണ്ടതുമാണ്.

## 1-17 വിവിധ പ്രവർത്തികൾക്കായി ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിവനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 2020-21 സാമ്പത്തിക വർഷത്തിൽ വിവിധ പ്രവൃത്തികൾക്കായി ഭൂജല പര്യവേഷണ വകുപ്പ്, റീജിനൽ എഞ്ചിനിയറിങ്ങ് കോളേജ് എന്നിവിടങ്ങളിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ സ.ഉ. നമ്പർ 11/18 ത.സ്വ.ഭ.വ തിയ്യതി 29-1-2018 ഖണ്ഡിക 11 ൽ 2 ഡി യിൽ നിഷ് കർഷിച്ച പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന് മുൻപ് തദ്ദേശ സ്വയംഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിലേർപ്പെട്ടതായി കാണുന്നില്ല. പ്രവൃത്തി പൂർത്തീകരിച്ച് അടവാക്കിയ തുകയുടെ വിനിയോഗസാക്ഷ്യപത്രവും ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കിയതായും കാണുന്നില്ല. തുക ഡെപ്പോസിറ്റ് ചെയ്തതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| പ്രോജക്ട് നമ്പർ/ പേര് | അടവാക്കിയ തുക | അടവാക്കിയ സ്ഥാപനം |
|---|---|---|
| 285/2021 ജി.എം.യു.പി. സ്കൂൾ മണ്ണ് പര്യവേഷണം. | 110000 | ഗവ:എഞ്ചിനിയറിങ്ങ് കോളേജ് Order Number 137/21-7-2020 |
| 13/2021 | 40915 | ജില്ലാ ഓഫീസർ |

| | | |
|---|---|---|
| കോതങ്കൽ പകൽവീട് കുഴൽ കിണർ നിർമ്മാണം. | | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട് മെന്റ് കോഴിക്കോട്. Bill Number 30/29-03-2021 |
| വേളൂർ അങ്കനവാടി കുഴൽക്കിണർ നിർമ്മാണം. | 40180 | ജില്ലാ ഓഫീസർ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട് മെന്റ് കോഴിക്കോട്. Bill Number 10/29-08-2020 |

മേൽത്തുകകളുടെ വിനിയോഗവിവരം ലഭ്യമാക്കുന്നതിനും തുക ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനങ്ങളുമായി കരാറുടമ്പടിയിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ ആയതും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനുമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കിയും തുടർ വർഷങ്ങളിൽ ഡപ്പോസിറ്റ് പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ സർക്കാർ നിർദ്ദേശം പൂർണമായി പാലിക്കുന്ന എന്ന് ഉറപ്പുവരുത്തിയും അപാകത പരിഹരിക്കാവുന്നതാണ്. വിനിയോഗവിവരത്തിന്റെ അഭാവത്തിൽ ചെലവുതുക 191095 രൂപ തടസ്സത്തിൽ വെക്കുന്നു.

<u>1-18 നേർ കാഴ്ച -പഞ്ചായത്തിന്റെ മാതൃകാ പദ്ധതികളുടെ ഡോക്യുമെന്റേഷൻ -പ്രൊജക്ട് നടത്തിപ്പിൽ അപാകത.</u>

പ്രൊജക്ട് നമ്പർ- 283/20-21

വകയിരുത്തിയ തുക- 174060

ചെലവുതുക- 63550 (ഓർഡർ നമ്പർ 377/4.3.21)

നിർവഹണം - സെക്രട്ടറി

പഞ്ചായത്ത് പൗരാവകാശരേഖ പ്രസിദ്ധീകരിച്ച് വിതരണം ചെയ്യുന്നതിനും പഞ്ചായത്തിന്റെ 13ാം പഞ്ചവത്സര പദ്ധതിയുടെ പ്രവർത്തനങ്ങൾ ഡോക്യുമെന്റേഷൻ ചെയ്യുന്നതിനും രേഖകൾ തയ്യാറാക്കുന്നതിനും വേണ്ടി 2019-20 സാമ്പത്തിക വർഷം രൂപം നൽകിയതാണ് ഈ പ്രൊജക്ട്. പ്രൊജക്ട് നടത്തിപ്പിനും ഡോക്യുമെന്റേഷൻ രേഖകൾ തയ്യാറാക്കുന്നതിനും ഒരു ഉപദേശക സമിതി രൂപീകരിക്കുന്നതിനും ആയത് തയ്യാറാക്കുന്ന രേഖ അച്ചടിച്ച് വിതരണം ചെയ്യുന്നതിനും പ്രൊജക്ട് ലക്ഷ്യമിടുന്നു. മേൽ പ്രൊജക്ട് പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ ലൈഫ് ഭവനപദ്ധതി ഗുണഭോക്താക്കളുടെ വീടിന്റെ ഫോട്ടോ എടുത്തതിനും മറ്റുമായി 36440 രൂപ ചെലവഴിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷത്തിൽ പ്രവർത്തന നേട്ടങ്ങൾ ഡോക്യുമെന്റേഷൻ ചെയ്യുന്നതിന് ക്വട്ടേഷൻ നടപടികളിലൂടെ പ്രിന്റക്സ് പ്രസ് അത്തോളി എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും പ്രവൃത്തി പൂർത്തീകരിച്ച് 63000 രൂപ സ്ഥാപനത്തിന് മേൽ ബിൽ പ്രകാരം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രൊജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അന്വേഷണങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്

1)വികസന പദ്ധതികളുടെ ഡോക്യുമെന്റേഷൻ പ്രിന്റ് ചെയ്യുന്ന പ്രവൃത്തി പൂർത്തീകരിച്ച് സ്ഥാപനം ലഭ്യമാക്കിയ കാഷ് ബില്ലിൽ ആയതിന്റെ എത്ര കോപ്പിക്കാണ് 63000 രൂപ ഈടാക്കിയത് എന്ന് വ്യക്തമാക്കിയിട്ടില്ല. ആയതിന്റെ എത്ര കോപ്പിക്കാണ്63000 രൂപ സ്ഥാപനത്തിന് നൽകിയതെന്ന അന്വേഷണത്തിന് മറുപടി ലഭ്യമാക്കുകയോ, ആയത് സ്റ്റോക്കിലെടുക്കുകയോ ചെയ്തിട്ടില്ല.

2)പഞ്ചായത്ത് പൗരാവകാശരേഖ പ്രസിദ്ധീകരിക്കുന്നതിന് പ്രൊജക്ട് ലക്ഷ്യമിട്ടിരുന്നെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല.

3)പദ്ധതി പ്രവർത്തനങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും ഡോക്യുമെന്റേഷൻ നടത്തുന്നതിനും , രേഖകൾ തയ്യാറാക്കുന്നതിനും പ്രൊജക്ടിൽ ലക്ഷ്യമിട്ട പ്രകാരം ഉപദേശകസമിതി രൂപീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

4)പ്രൊജക്ടിൽ രേഖപ്പെടുത്തിയതുപ്രകാരം അച്ചടിച്ച രേഖകളുടെ വിതരണം കുടുംബശ്രീ മുഖേന നടപ്പിലാക്കി കാണുന്നില്ല.

5)പദ്ധതി പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്ത് അച്ചടിച്ച് വിതരണം ചെയ്യുമ്പോഴുള്ള ചെലവിലേക്ക് ലഭ്യമാവുന്ന പരസ്യങ്ങളുടെ വരുമാനവും ഉൾപ്പെടുത്താമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ഇപ്രകാരം 4 സ്ഥാപനങ്ങളുടെ പരസ്യങ്ങൾ അച്ചടിച്ച് തയ്യാറാക്കിയ ഡോക്യുമെന്റേഷനിൽ കാണുന്നു. ഇവരിൽ നിന്നും പരസ്യത്തിനുള്ള ചാർജ് ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. പ്രൊജക്ടിൽ നിഷ്കർഷിക്കുന്ന വിധത്തിൽ തന്നെ ആയത് നടപ്പിലാക്കുന്നതിൽ വന്ന വീഴ്ചയാണ് അപാകതക്ക് കാരണമായത്. ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിയും പ്രൊജക്ടുകളുടെ ഉദ്ദേശ ലക്ഷ്യങ്ങൾ പ്രകാരം ആയത് നടപ്പിലാക്കുന്നു എന്ന് ഉറപ്പുവരുത്തിയും അപാകത പരിഹരിക്കാവുന്നതാണ്.

<u>1-19 മരങ്ങൾ മുറിച്ചുമാറ്റുന്നതിനായി തുക ചെലവഴിച്ചു. -മുറിച്ചുമാറ്റിയ മരത്തിന്റെ വിനിയോഗവിവരം ലഭ്യമാക്കിയില്ല.</u>

സാമ്പത്തിക വർഷത്തിൽ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയായ മരങ്ങൾ മുറിച്ചുമാറ്റിയന്നതിന് പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മുറിച്ചുമാറ്റിയ മരങ്ങൾ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയതിന്റെ വിവരങ്ങൽ പരിശോധനക്ക് ലഭ്യമാക്കിയില്ല. തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ താഴെക്കൊടുക്കുന്നു.

| വൗച്ചർ നമ്പർ/ തിയ്യതി | ചെലവഴിച്ചതുക | തുക ചെലവഴിച്ചതിന്റ വിശദാംശം | റിമാർക്ക്സ് |
|---|---|---|---|
| 1132/8.3.21 | 4500 | 4ാംവാർഡിലെ അംഗനവാടിക്ക് ഭീഷണിയായ മരം മുറിച്ചുമാറ്റിയ തിന് ഷാജി എന്നആൾക്ക് നൽകിയത് | മുറിച്ചുമാറ്റിയ മരങ്ങൾ ലേലനടപടികൾ കൈകൊള്ളാൻ സെക്രട്ടറി ഫയലിൽ കുറിപ്പ് രേഖപ്പെടുത്തി യിട്ടുണ്ട് |
| 1174/18.3.21 | 4500 | 2ാം വാർഡിലെ കുറുവാളൂർ അംഗനവാടി മതിലിന് ഭാഷണിയായ മാവ് മരം മുറിച്ചുമാറ്റിയതിന് വിശ്വനാഥൻ എൻ.കെ എന്ന ആൾക്ക് നൽകിയത് | മുറിച്ചുമാറ്റിയ മരങ്ങൾ ലേലനടപടികൾ കൈകൊള്ളാൻ സെക്രട്ടറി ഫയലിൽ കുറിപ്പ് രേഖപ്പെടുത്തി യിട്ടുണ്ട് |

മരങ്ങൾ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. ഇല്ലാത്തപക്ഷം ലേലം ചെയ്യാതെ പോയതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

1-20 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്- അർഹതയില്ലാത്ത വിദ്യാർത്ഥിക്ക് ആനുകൂല്യം നൽകിയതും മറ്റ് അപാകതകളും

പ്രൊജക്ട് നമ്പർ- 254/20.21

വകയിരുത്തിയ തുക- 600000

ചെലവുതുക- 590278 (ബിൽ നമ്പർ-9/20.21തി27.7.21

മേൽ പ്രൊജക്ട് പ്രകാരം 26 എസ്.സി വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിന് അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി ലാപ് ടോപ്പുകൾ വിതരണം ചെയ്തിട്ടുണ്ട്. ആയതിൽ ഒരു ഗുണഭോക്താവായ അനുപമ.എ.ടി. അരിയാട്ട് താഴ. കൊങ്ങന്നൂർ എന്ന വിദ്യാർത്ഥിനി A.W.H. ചെറുവണ്ണൂർ എന്ന സ്ഥാപനത്തിൽ DE.LED എന്ന കോഴ്സിന് പഠിക്കുന്നതായി സ്ഥാപനമേധാവി നൽകിയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തി ൽ ലാപ് ടോപ്പ് വിതരണം ചെയ്തിട്ടുണ്ട്. സ.ഉ.നമ്പർ 22/18 ത.സ്വ.ഭ.വ. തി 14.2.18 ഖണ്ഡിക 7.2.8 പ്രകാരം ലാപ്ടോപ്പ് വിതരണം ചെയ്യാവുന്ന കോഴ്സിൽ ഡിപ്ലോമ ഇൻ എലമെന്ററി എജ്യൂക്കേഷൻ എന്ന കോഴ്സ് ഉൾപ്പെടുന്നില്ല. ഡിപ്ലോമ കോഴ്സുകളിൽ കമ്പ്യൂട്ടർ സയൻസ്. പോളിടെക്നിക്ക്, എഞ്ചിനീയറിംഗ് ഡിപ്ലോമ എന്നീ കോഴ്സുകളിൽ പഠിക്കുന്നവർക്ക് മാത്രമെ ഈ ആനുകൂല്യത്തിന് അർഹതയുള്ളൂ. മേൽ സർക്കാർ ഉത്തരവ് ഖണ്ഡിക പ്രകാരം ഒരു വിദ്യാർത്ഥിക്ക് ഒരിക്കൽ മാത്രമെ ഈ ആനുകൂല്യത്തിന് അർഹതയുള്ളൂ. പട്ടികജാതി വികസന വകുപ്പിൽ നിന്നും ഈ ആനുകൂല്യം ലഭ്യമായിട്ടില്ലെന്ന സാക്ഷ്യപത്രം ലഭ്യമാക്കാതെ യാണ് ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്തിരിക്കുന്നത്. മാത്രമല്ല ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിശദവിവരം പരിശോധിച്ചതിൽ മിക്ക ഗുണഭോക്താക്കളും 2020-21 സാമ്പത്തിക വർഷത്തിൽ പഠിക്കുന്ന കോഴ്സ് പൂർത്തീകരിക്കുന്നവരാണ്. തുടർപഠനം സാധ്യമാവാത്തപക്ഷം ഇവർക്ക് ലാപ് ടോപ്പ് കൊണ്ടുള്ള പ്രയോജനം ലഭ്യമാവണമെന്നില്ല. മേൽ അപാകതകൾക്ക് കാരണം വിശദമാക്കാനാവശ്യ പ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊജക്ട് നടപ്പിലാക്കുന്നതിൽ നിർവഹണ ഉദ്യോഗസ്ഥന് ഉണ്ടായ സൂക്ഷ്മതക്കുറവും. പ്രൊജക്ടിൽ നിഷ്കർഷിച്ച രേഖകൾ ലഭ്യമാക്കുന്നതിലു ണ്ടായ വീഴ്ചയുമാണ് അപാകതകൾക്ക് കാരണമായത്. അപാകതക്ക് മറുപടി ലഭ്യമാക്കിയും ആവശ്യമായ രേഖകൾ ഹാജരാക്കിയും അപാകത പരിഹരിക്കാവുന്നതാണ്. അർഹയല്ലാത്ത വിദ്യാർത്ഥിക്ക് അനുവദിച്ച ലാപ്ടോപ്പ് വില 22703 രൂപ തടസ്സത്തിൽ വെക്കുന്നു.

1-21 മത്സ്യതൊഴിലാളിയുടെ മക്കൾക്ക് ലാപ് ടോപ്പ് - ഗുണഭോക്തൃ ലിസ്റ്റിലെ മുൻ ഗണനാക്രമം പാലിക്കാതെ ആനുകൂല്യം വിതരണം ചെയ്തതും മറ്റ് അപാകതകളും.

പ്രോജക്ട് നമ്പർ - 2/2020-21

വകയിരുത്തിയ തുക – 120000

ചെലവു തുക – 108916(ബിൽ നമ്പർ 28/2021 തി 21-3-2021)

നിർവഹണം - സെക്രട്ടറി

മത്സ്യത്തൊഴിലാളികളുടെ മക്കളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് ഉന്നത പഠന സൗകര്യത്തി നായി ലാപ് ടോപ്പ് വാങ്ങി നൽകുന്ന മേൽ പ്രോജക്ട് പ്രകാരം നാല് വിദ്യാർഥികൾക്ക് ലാപ് ടോപ്പ് വാങ്ങി നൽകിയിട്ടുണ്ട്. പ്രോജക്ടിന്റെ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് പരിശോധിച്ചതിൽ 9

പേർ ഉൾപ്പെട്ട ലിസ്റ്റിൽ 90 മാർക്ക് വീതം നേടിയ സ്വാതി എസ് അത്തായക്കുന്നുമ്മൽ, കാവ്യ എസ് അത്തായക്കുന്നുമ്മൽ എന്നിവർ ക്ക് ആനുകൂല്യം നൽകാതെ 70 മാർക്ക് നേടിയ ക്രമനമ്പർ 3 മുതൽ ഉള്ളവർക്കാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. അതേപോലെ തന്നെ ക്രമനമ്പർ 4 നും ആനുകൂല്യം നൽകിയതായി കാണുന്നില്ല. ഇവർ അനർഹരാണെന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല ഗുണഭോക്തൃ ലിസ്റ്റിൽ എട്ടാം നമ്പറായുള്ളത് 12-ാം വാർഡിലെ ആദിത്യ കൊട്ടയിൽ താഴ എന്ന വിദ്യാർത്ഥിനിയാണ്. ഇവർക്ക് പകരം ആനുകൂല്യം വിതരണം ചെയ്തിരിക്കുന്നത് 11-ാം വാർഡിലുള്ള ആദിത്യ വി കെ D/O ചന്ദ്രൻ എന്ന വിദ്യാർഥിനിക്കാണ്. ഗുണഭോക്തൃ ലിസ്റ്റിലെ മുൻഗണന പരിഗണിക്കാതെയും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വിദ്യാർഥിനിക്ക് ആനുകൂല്യം വിതരണം ചെയ്തതിനും കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃ ലിസ്റ്റിലെ മുൻഗണനക്രമം പാലിക്കാതെയും, അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താവിന് ആനുകൂല്യം നൽകിയതും കൂടാതെ പ്രൊജക്ട് മോണിട്ടർ ചെയ്യുന്നതിലെ വീഴ്ചയുമാണ് അപാകതക്ക് ഇടയാക്കിയത്. അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വിദ്യാർത്ഥിനിക്ക് നൽകിയ ലാപ് ടോപ്പ് വില 27229 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

<u>1-22 എസ്.സി. വിദ്യാർത്ഥികൾക്ക് പഠനത്തിന് മേശ, കസേര-പഞ്ചായത്തിന്റെ മേഖലാ ചുമതലകളിൽ ഉൾപ്പെടാത്ത വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകി.</u>

പ്രൊജക്ട് നമ്പർ- 196/20.21

വകയിരുത്തിയ തുക- 100000

ചെലവുതുക- 99164(Order No 27/11.4.2020)

നിർവഹണം . അസിസ്റ്റന്റ് സെക്രട്ടറി

പഞ്ചായത്തിലെ 8,9 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മേശ, കസേര എന്നിവ നൽകുന്ന പ്രൊജക്ട് പ്രകാരം 26 പേർക്ക് KADCO മുഖേന മേശ, കസേര എന്നിവ വാങ്ങി നിർവഹണ ഉദ്യോഗസ്ഥൻ വിതരണം ചെയ്തിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട് 166ാംവകുപ്പ് 1ാം ഉപവകുപ്പ് 3 പട്ടിക പ്രകാരം പ്രീ-പ്രൈമറി സ്കൂളുകൾ, പ്രൈമറി സ്കൂളുകൾ എന്നിവയുടെ നടത്തിപ്പാണ് ഗ്രാമപഞ്ചായത്തിന്റെ ചുമതലകളിൽ ഉൾപ്പെടുന്നത്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്ത് പരിധിയിൽ 7 പ്രൈമറി സ്കൂളുകളും, 4 അപ്പർ പ്രൈമറി സ്കൂളുകളും ഉണ്ട്. ഇവിടെ പഠിക്കുന്ന വിദ്യാർത്ഥികളുടെ പഠന സാഹചര്യം മെച്ചപ്പെടുത്തുന്നതിന് മേശ, കസേര എന്നിവ വിതരണം ചെയ്യാമെന്നിരിക്കെ ആയത് പരിഗണിക്കാതെ ജില്ലാപഞ്ചായത്തിന് കീഴിലുള്ള ഹൈസ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. പദ്ധതി മാർഗ്ഗരേഖയിലോ, സബ്സിഡി മാർഗ്ഗരേഖയിലോ ഗ്രാമപഞ്ചായത്തുകൾക്ക് ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ഇത്തരം പ്രൊജക്ടുകൾ നടപ്പിലാക്കാമെന്ന് നിഷ്കർഷിക്കുന്നില്ല. മുൻവർഷങ്ങളിലും ഈ അപാകത സംഭവിച്ച തായി കാണുന്നു. അപാകതക്ക് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊജക്ട രൂപീകരണത്തിൽ വന്ന വീഴ്ചയാണ് അപാകതക്ക് കാരണമായത്. അപാകതക്ക് മറുപടി ലഭ്യമാക്കിയും തുടർ വർഷങ്ങളിൽ അപാകത ആവർത്തിക്കാതെയും പരാമർശം ഒഴിവാക്കാവുന്നതാണ്.

**1-23 ഓണം അഡ്വാൻസ് ഇനത്തിൽ കൈപറ്റിയ തുക നാളിതുവരെ തിരിച്ചടവാക്കിയില്ല.**

പഞ്ചായത്തിന്റെ അഡ്വാൻസ് രജിസ്റ്റർ, വാർഷിക കണക്ക് എന്നിവ പരിശോധിച്ചതിൽ 2018-19 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് ജീവനക്കാരനായ ശ്രീ രാജേഷ് എന്ന ആൾക്ക് ഓണം അഡ്വാൻസ് ഇനത്തിൽ അനുവദിച്ച 15000 രൂപയിൽ 3000 രൂപ നാളിതുവരെ പഞ്ചായത്തിൽ തിരിച്ചടവാക്കിയിട്ടില്ല. പഞ്ചായത്തിന്റെ അഡ്വാൻസ് രജിസ്റ്ററിൽ നിലവിലും പ്രസ്തുത തുക ക്രമീകരിക്കാതെ കിടക്കുകയാണ്. തുക നിയമാനുസൃത പലിശ സഹിതം തിരികെ ഈടാക്കാൻ നടപടികൾ കൈകൊണ്ട് അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഓണം അഡ്വാൻസ് നൽകി വർഷങ്ങൾ കഴിഞ്ഞിട്ടും ആയത് പൂർണമായും തിരികെ ഈടാക്കാൻ കഴിയാത്തത് പഞ്ചായത്തിന്റെ വീഴ്ചയാണ്. തുക പലിശ സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

**1-24 ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ-ഹോം കോയിൽ അടവാക്കിയതുകക്ക് മരുന്നുകൾ ലഭ്യമായില്ല.**

പ്രൊജക്റ്റ് നമ്പർ- 111/21

വകയിരുത്തിയ തുക- 150000

ചെലവുതുക- 150000 (ബിൽ നമ്പർ-1/20-21 തി8.12-20)

ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങുന്നതിനുള്ള മേൽ പ്രൊജക്റ്റ് പ്രകാരം മെയിന്റനൻസ് ഗ്രാന്റിൽനിന്നും 150000രൂപ നിർവഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ പിൻവലിച്ച് കേരളാ സ്റ്റേറ്റ് ഹോമിയോപൊതിക് കോ -ഓപ്പറേറ്റീവ് സൊസൈറ്റി ആലപ്പുഴക്ക് അടവാക്കിയിട്ടുണ്ട്. തുക അടവാക്കി മാസങ്ങൾ കഴിഞ്ഞിട്ടും നാളിതുവരെ മരുന്നുകൾ ആശുപത്രിയിൽ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നിർവഹണ ഉദ്യോഗസ്ഥൻ നാളിതുവരെ ഹോംകോക്ക് കത്ത്പോലും നൽകി കാണുന്നില്ല.മരുന്നുകൾ ലഭ്യമാവാവാൻ നടപടികൾ കൈകൊണ്ട് അറിയിക്കേണ്ടതാണ്. ചെലവുതുക തടസ്സത്തിൽ വെക്കുന്നു.

**1-25 വെൽഫയർ സ്കൂൾ വാടകനൽകൽ- പ്രൊജക്റ്റ് പ്രകാരം വാടക അധികം നൽകി.**

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകളുടെ വാടക ഇനത്തിൽ സാമ്പത്തിക വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി ചെലവഴിച്ച തുകയുടെ വിശദവിവരം താഴെ ക്കൊടുക്കുന്നു.

| പ്രൊജക്റ്റ് നമ്പർ/ പേര് | ചെലവുതുക | ബിൽ നമ്പർ/ തിയ്യതി | റിമാർക്സ് |
|---|---|---|---|
| 9/20.21കൊളക്കാട് വെൽഫ.ർ സ്കൂളിന് വാടക നൽകൽ | 54847 | 29/24.3.21 | 2020 ഫെബ്രുവരിമുതൽ 2021 ഫെബ്രുവരിവരെയുള്ള വാടക 4219x13 |
| 48/20.21വെൽഫ.ർ സ്കൂളിന് വാടക നൽകൽ | 67504 | 1/24.4.20 | 2018 ഒക്ടോബർ മുതൽ 2020 ജനവരി വരെ വാടക 16x4219 |

വാടക നൽകിയതു സംബന്ധിച്ച വിശദവിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധിച്ചതിൽ 2018-19 സാമ്പത്തിക വർഷത്തിൽ സ്കൂളിന് വാടക നൽകുന്ന പ്രോജക്ട് പ്രകാരം 2017 ഫെബ്രുവരി മുതൽ ഒക്ടോബർ 2018 വരെ 21 മാസത്തെ വാടക പ്രതിമാസം 4219 രൂപ പ്രകാരം 88599 രൂപ ഉടമക്ക് നൽകിയിട്ടുണ്ട്.2020.21 ൽ പ്രൊജക്ട്നമ്പർ 48/20-21 പ്രകാരം 2018 ഒക്ടോബർ മുതൽ 2020 ജനുവരി വരെയുള്ള 16 മാസത്തെ വാടക 67504 രൂപ നൽകിയപ്പോൾ 2018 ഒക്ടോബർ മാസത്തെ വാടക രണ്ട് തവണ നൽകിയിട്ടുണ്ട്. തുക അനുവദിക്കുന്ന സമയത്ത് സെക്ഷൻ ക്ലാർക്ക്, മേലുദ്യോഗസ്ഥർ എന്നിവർക്കുണ്ടായ വീഴ്ച മൂലമാണ് 4219 രൂപ അധികം നൽകാൻ ഇടയായത്. ആയത് തിരികെ ഈടാക്കി അപാകത പരിഹരിക്കാവുന്നതാണ്. 4219 രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ് .

## 1-26 അഗതിരഹിത കേരളം-പ്രൊജക്ട് ഭക്ഷണവിതരണത്തിലൊതുങ്ങുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അശരണരും നിരാലംബരുമായ അഗതി കുടുംബങ്ങളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിന് കുടുബശ്രീ മുഖേന നടപ്പിലാക്കുന്ന ഏകീകൃത പദ്ധതിയാണ് അഗതിരഹിത കേരളം. അത്തോളി പഞ്ചായത്ത് ഉൾപ്പെടെ കോഴിക്കോട് ജില്ലയിലെ 54 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അഗതിരഹിത കേരളം പദ്ധതിക്ക് കുടംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഉത്തരവ് നമ്പർ KS/L/513/19dt 9.3.19 പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് തയ്യാറാക്കി അംഗീകാരം വാങ്ങിയ പദ്ധതിയിൽ 67 കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. പ്രൊജക്ടിന്റെ മൊത്തം അടങ്കൽ 7758600 രൂപയും ആയതിന് ചലഞ്ച് ഫണ്ടിനത്തിൽ 1587600 രൂപയും വകയിരുത്തിയിട്ടുണ്ട്. പ്രൊജക്ടു പ്രകാരം വിവിധ സേവനപരിചരണ പാക്കേജ് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം താഴെ കൊടുക്കുന്നു

| ഇനം | ആവശ്യമുള്ള കുടംബങ്ങളുടെ എണ്ണം |
|---|---|
| ഭക്ഷണം | 67 |
| മരുന്ന് | 27 |
| വസ്ത്രം | 67 |
| ഭവനം | 9 |
| വിദ്യാഭ്യാസം | 3 |
| കക്കൂസ് | 5 |
| ഭവനപുനരുദ്ധാരണം | 15 |
| വൈദ്യുതി | 1 |
| വെള്ളം | 14 |
| ഭൂമി | 3 |

പ്രൊജക്ട് അംഗീകാരം ലഭിച്ച് 3 വർഷത്തിനകം പൂർത്തീകരിക്കാൻ ലക്ഷ്യംവെച്ച സേവനപരിചരണ പാക്കേജുകൾ അംഗീകാരം ലഭിച്ച് 2 വർഷം കഴിഞ്ഞിട്ടും ഭക്ഷണവിതരണം മാത്രമെ പ്രധാനമായും നടപ്പിലാക്കി കാണുന്നുള്ളു. പ്രൊജക്ടിന്റെ പ്രധാന ഘടകങ്ങളായ കിടപ്പാടം,ഭവനം. കുടിവെള്ളം, കക്കൂസ്, മുതലായവ ലഭ്യമാക്കുന്നതിന് പഞ്ചായത്ത് നടപടികളൊന്നും കൈകൊണ്ടു കാണുന്നില്ല. പ്രൊജക്ടുകളുടെ അംഗീകാരം ലഭ്യമാവുന്നതിനുവേണ്ടിമാത്രം അനിവാര്യ വകയിരുത്തലായി 2019-20. 2020-21 വർഷങ്ങളിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി ആശ്രയ പ്രൊജക്ട് എന്ന പേരിൽ 2 ലക്ഷം രൂപ വീതം വകയിരുത്തിയിരുന്നെങ്കിലും തുകയൊന്നും ചെലവഴിച്ചു കാണുന്നില്ല. ഭവനപുനരുദ്ധാരണം പോലെ പഞ്ചായത്ത് വിഹിതം വിനിയോഗിക്കാവുന്ന സേവന പാക്കേജുകൾ ആവശ്യമുള്ള കുടുംബങ്ങൾക്ക് ആയത് ലഭ്യമാക്കുന്നതിന് വകയിരുത്തിയ പഞ്ചായത്ത് വിഹിതം വിനിയോഗിക്കാൻ പഞ്ചായത്ത് നടപടികൾ കൈകൊള്ളാത്തത് ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഭവനം ആവശ്യമുള്ള 9 കുടുബങ്ങൾ അഗതി രഹിത കേരളം പദ്ധതിയിൽ

ഉൾപ്പെട്ടുണ്ടെങ്കിലും ആയതിൽ 2 പേർക്ക് മാത്രമാണ് ലൈഫ് ഭവനപദ്ധതിയി ൽ ഉൾപ്പെടുത്തി ആനുകൂല്യം ലഭ്യമായിട്ടുള്ളത്. അവശേഷിക്കുന്ന 7 കുടുംബങ്ങളിൽ എത്രപേർ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന വിവരം പഞ്ചായത്തിൽ ലഭ്യമല്ല. സ.ഉ.എം.എസ്.126/18 ത.സ്വ.ഭ.വ.തി 14.9.18 പ്രകാരം ഭവനരഹിതരും വീട് നിർമ്മിക്കാൻ ആവശ്യത്തിന് സ്ഥലമുള്ളവരുമായ എല്ലാ അഗതി കുടുംബങ്ങളെയും ലൈഫ് പദ്ധതി ആനുകൂല്യം നൽകുമ്പോൾ പ്രഥമ പരിഗണന നൽകണമെന്ന നിർദ്ദേശം പഞ്ചായത്ത് പാലിച്ചതായി കാണുന്നില്ല. അതേപോലെതന്നെ കിടപ്പാടം ആവശ്യമുള്ള 3 കുടുംബങ്ങളിൽ ഒരാൾക്കു പോലും പഞ്ചായത്ത് കിടപ്പാടം നൽകി കാണുന്നില്ല. കക്കൂസ്, വൈദ്യുതി, വെള്ളം എന്നീ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനും പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. 2019-20 , 2020-21 സാമ്പത്തിക വർഷങ്ങളിൽ ലഭ്യമായ ചലഞ്ച് ഫണ്ട് ഉപയോഗിച്ച് ഭക്ഷണവിതരണം നടത്തിയിട്ടുണ്ട്. ഇതിന്റെ വിതരണരജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. അഗതിരഹിതകേരളം പ്രൊജക്ടുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട മറ്റ് അപാകതകൾ താഴെ കൊടുക്കുന്നു.

1) അഗതിരഹിത കേരളം പദ്ധതിക്കായി സി.ഡി.എസ്.ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നവരുടെ പേരിൽ ദേശസാൽകൃത ബാങ്കിൽ പുതിയ അക്കൗണ്ട് ആരംഭിക്കാൻ നിഷ്കർഷിക്കുന്നുണ്ടെങ്കിലും കുടുബശ്രീ യുടെ പഴയ ആശ്രയ എകൗണ്ടാണ് അഗതിരഹിത കേരളം പ്രൊജക്ടിനായി ഉപയോഗിക്കുന്നത്.

2)അഗതി കേരളം പദ്ധതിയുടെ ഫണ്ടുകളിൽ 10% ജില്ലാപഞ്ചായത്ത്, 15% ബ്ലോക്ക് പഞ്ചായത്ത് എന്നിവ വകയിരുത്തേണ്ടതാണെങ്കിലും പദ്ധതിക്ക് നാളിതുവരെ ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾ തുകയൊന്നും വകയിരുത്തി കാണുന്നില്ല.

3)ഓരോ തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെയും വിലയിരുത്തൽ സമിതി പദ്ധതി നിർവഹണം ആരംഭിക്കു ന്നതിന് മുമ്പായി കൂടേണ്ടതാണ്. കൂടാതെ പദ്ധതി ആരംഭിച്ച് ഓരോമാസവും 10ാം തിയതിക്ക് മുമ്പായി സമിതി യോഗം ചേർന്ന് പദ്ധതി അവലോകനം നടത്തി മിനുട്സിന്റെ പകർപ്പ് ജില്ലാമിഷൻ കോ-ഓർഡിനേറ്റർക്ക് അയച്ചു നൽകേണ്ടതാണെങ്കിലും വിലയുരുത്തൽ സമിതി വർഷത്തിലൊരിക്കൽ മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്.

4) അഗതിരഹിതകേരളം പദ്ധതിയുടെ പ്രവർത്തനം നിരന്തരം വിലയിരുത്തുന്നതിനായി വിലയിരുത്തൽ സമിതിയിൽ ഒരു ഉപസമിതി രൂപീകരിക്കാൻ നിഷ്കർഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിൽ അത്തരമൊരു ഉപസമിതി രൂപീകരിച്ചതായി കാണുന്നില്ല.

## 1-27 അംഗൻവാടികളിൽ അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തത

അത്തോളി ഗ്രാമപഞ്ചായത്തിൽ 31 അങ്കണവാടികളാണുള്ളത്. സ്റ്റാറ്റസ് റിപ്പോർട്ട്, അംഗൻവാടി സൂപ്പർവൈസർ ലഭ്യമാക്കിയ റിപ്പോർട്ട് എന്നിവ പ്രകാരം 24 അങ്കണവാടിയ്ക്ക് മാത്രമാണ് സ്വന്തം കെട്ടിടമുള്ളത്. സെന്റർ നം 43 മേപ്പള്ളിതാഴെ അങ്കണവാടിയ്ക്ക് സ്വന്തം കെട്ടിടം, വൈദ്യുതി, വെള്ളം എന്നീ അടിസ്ഥാനസൗകര്യങ്ങൾ ഇല്ല. കൂടാതെ സ്വന്തമായി കുടിവെള്ള സൗകര്യമില്ലാതെ 15 അങ്കണവാടികൾ നിലവിലുണ്ട്. എല്ലാ അങ്കണവാടികളിലും സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിൽ പഞ്ചായത്ത് ലക്ഷ്യം കൈവരിച്ചിട്ടില്ല. ബന്ധപ്പെട്ട വർക്കിംഗ് മിനുട്സ് പരിശോധിച്ചതിൽ പരിഹാരനടപടികൾക്കുള്ള നിർദ്ദേശങ്ങ ളില്ല. സ.ഉ(കൈ)നം.11/2018 L.S.G.D Dtd.29-1-18ലെ7.8.2 പ്രകാരം അങ്കണവാടികൾ ക്ക് കെട്ടിടം, കുടിവെള്ളം, ഫർണ്ണിച്ചർ, മറ്റ് ഭൗതിക സാഹചര്യമൊരുക്കൽ എന്നിവ നിർബന്ധിതപ്രോജക്ടുകളാണ്. മേൽ അപാകതകൾ പരിഹരിക്കാനുള്ള നടപടികൾ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങളെപ്പറ്റി വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയിൽ അവലോകനം നടത്തി ആവശ്യത്തിനുള്ള ഫണ്ട് വകയിരുത്താൻ ശ്രദ്ധിക്കേണ്ടതും പദ്ധതിയുടെ വിജയകര മായ പൂർത്തീകരണത്തിനുവേണ്ടി കൃത്യമായി മോണിറ്ററിംഗ് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-28 തെരുവ് വിളക്ക് സ്ഥാപിക്കൽ-ലഭ്യമായ തെരുവ് വിളക്കുകൾ പൂർണമായും

സ്ഥാപിക്കാത്തതും മറ്റ് അപാകതകളും

പ്രൊജക്ട് നമ്പർ- 280/20.21 (സ്പിൽ ഓവർ)

വകയിരുത്തിയതുക- 495000

ചെലവ് തുക- 476664 ( Order No 228/20.10.2020)

നിർവഹണം - സെക്രട്ടറി

അത്തോളി പഞ്ചായത്തിലെ തെരുവ് വിളക്കുകൾ കേടായി കിടക്കുന്ന പോസ്റ്റുകളിലും, ഇല്ലാത്ത പോസ്റ്റുകളിലും L.E.D.ലൈറ്റുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനുള്ളതാണ് പ്രൊജക്ട്. മേൽ പ്രൊജക്ട് പ്രകാരം ടെണ്ടർ നടപടികൾ സ്വീകരിച്ച് തേജസ് ഇലക്ട്രിക്കൽ സിസ്റ്റം അയനിക്കാട്, ഇരിങ്ങൽ എന്നവരുടെ ടെണ്ടർ സ്വീകരിക്കുകയും സ്ഥാപനം 18W ആട്ടോമാറ്റിക് ലൈറ്റ് 100 എണ്ണവും, ഓർഡിനറി ലൈറ്റ് 175 എണ്ണവും സപ്ലൈ ചെയ്തതിന്റെ അടിസ്ഥാനത്തിൽ മൊത്തം 275 ലൈറ്റുകൾക്ക് 8.8.2020 ൽ ലഭ്യമാക്കിയ ക്യാഷ് ബില്ലിന്റെ അടിസ്ഥാനത്തിൽ 476664 രൂപ മേൽ ബിൽ പ്രകാരം അനുവദിച്ചിട്ടുണ്ട്. പ്രൊജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ താഴെക്കൊടുക്കുന്നു.

1)തെരുവ് വിളക്കുകൾ കെൽട്രോൺ മുഖേന സ്ഥാപിക്കാനാണ് പ്രൊജക്ടിൽ നിഷ്കർഷിച്ചിരിക്കുന്നത്. ആയതി ന് വിരുദ്ധമായി ടെണ്ടർ നടപടികളിലൂടെ ആയത് നടപ്പാക്കാനുണ്ടായ സാഹചര്യം വിശദമാക്കിയിട്ടില്ല.

2)തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് മുമ്പ് കെ.എസ്.ഇ.ബി.യിൽ നിന്നും അനുമതി ലഭ്യമാക്കി കെ.എസ്.ഇ.ബി. യുടെ മേൽ നോട്ടത്തിലല്ല തെരുവ് വിളക്കുകൾ സ്ഥാപിച്ചിരിക്കുന്നത്. കെ.എസ്.ഇ.ബിയിൽ നിന്നും പൂർത്തീകരണ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.

3)മൊത്തം 275 തെരുവ് വിളക്കുകൾ വാങ്ങിയതിൽ 17 വാർഡുകളിൽ 15 എണ്ണം വീതം മൊത്തം 255 ലൈറ്റു കൾ സ്ഥാപിച്ചതായാണ് വാർഡ് മെമ്പർ മാർ സാക്ഷ്യപത്രം നൽകിയിരിക്കുന്നത്. അവശേഷിക്കുന്ന 20 തെരുവ് വിളക്കുകൾ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.

4) പ്രൊജക്ടിന്റെ പൂർത്തീകരണം, ഗുണനിലവാരം എന്നിവ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മോണിട്ടർ ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

5) 2019-20 സാമ്പത്തിക വർഷത്തിൽ 17 വാർഡുകളിലായി 1103070 രൂപ വിനിയോഗിച്ച് 331 തെരുവ് വിളക്കുകൾ കെൽട്രോൺ മുഖേന സ്ഥാപിച്ചിട്ടുണ്ട്. 2 വർഷ വാറണ്ടിയുള്ള മേൽ ലൈറ്റുകളിൽ കേടുവന്നതു ണ്ടെങ്കിൽ ആയത് കെൽട്രോൺ മുഖേന മാറ്റാതെ തൻവർഷത്തെ പ്രൊജക്ട് മുഖേന മാറ്റിയിട്ടില്ലെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നതിലെ വീഴ്ചയും ഫയൽ സൂക്ഷിക്കുന്നതിലെ അപാകതകളും പ്രൊജക്ട് മോണിട്ടറിം ഗിന്റെ അഭാവവുമാണ് അപാകതകൾക്ക് കാരണമായത്. ഓഡിറ്റിൽ പരാമർശിക്കുന്ന അപാകതകൾക്ക് മറുപടി ലഭ്യമാക്കിയും ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതെയും ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണ്.

1-29 പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം:പിഴ ഈടാക്കിയില്ല

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112 പ്രകാരം മരാമത്ത് പ്രവൃത്തികളുടെ കാലാവധി ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% ത്തിൽ അധികരിക്കാതെ ദീർഘിപ്പിച്ച് നൽകാമെന്നു പറയുന്നു. സെക്ഷൻ 2112.1 അനുസരിച്ച് ഇങ്ങനെ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ ആദ്യ തവണ 1% വും തുടർന്ന് ഓരോ തവണയും 2% വും,മാക്സിമം 100,000/-രൂപ പിഴയായി ഈടാക്കേണ്ടതാണ്. അങ്ങനെയല്ലാത്തപക്ഷം സെക്ഷൻ 2116.1 പ്രകാരം ഓരോ ആഴ്ചയിലേക്കും 0.1%(പരമാവധി 10%) ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കി കരാർ റദ്ദ്ചെയ്യുകയും സെക്ഷൻ 2116.2, 2116.2.1 എന്നിവയിൽ

പറയുന്ന നടപടികൾ കരാറുകാരനെതിരെ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ ചില പൊതുമരാമത്ത് പ്രവൃത്തികളിൽ കരാറുകാർ സമയപരിധി പാലിക്കാതെ അനിയന്ത്രിതമായി പ്രവൃത്തി നീട്ടിക്കൊണ്ടു പോയിട്ടും കരാറുകാരിൽ നിന്നും പിഴ ഈടാക്കുകയോ മറ്റു നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. പിഴ ഈടാക്കാതെ സമയം ദീർഘിപ്പിച്ച നൽകിയ പ്രവൃത്തികളുടെ വിശദാംശം ചുവടെ:

| | പ്രവൃത്തിയുടെ പേര്,പ്രൊജക്ട് നമ്പർ | എസ്റ്റിമേറ്റ് | കരാറുകാരൻ,ടെണ്ടർ നിരക്ക് | ബിൽ നമ്പർ,തുക |
|---|---|---|---|---|
| 1 | നാരങ്ങാപുനത്തിൽ കവലായിമീത്തൽ റോഡ് നവീകരണം (288/21) | 400,000 | അത്തോളി ലേബർ കോൺട്രാക്ടേർസ് കോ-ഓപ് സൊസൈറ്റി | 70/12-11-2020, 395,869/- |
| 2 | ഉണ്ണിയാംകണ്ടി റോഡ് റീ ടാറിംഗ്(289/21) | 400,000 | അത്തോളി ലേബർ കോൺട്രാക്ടേർസ് കോ-ഓപ് സൊസൈറ്റി | 71/17-12-2020, 398,755/- |

ഈടാക്കേണ്ട പിഴയുടെ വിശദാംശം:

| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|
| | പ്രവൃത്തി | കരാർ തുക കരാർ തിയ്യതി, | പൂർത്തീകരിക്കേണ്ട , കാലയളവ് തിയ്യതി | പൂർത്തീകരിച്ച തിയ്യതി, അധികമെടുത്ത കാലയളവ് | ആദ്യ ദീർഘീ കരണത്തിന് ഈടാക്കേണ്ട പിഴ 1% (കാലയളവിന്റെ 25%) | തുടർന്നുള്ള ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ2% | ആകെ ദീർഘീ കരണത്തിന് ഈടാക്കേണ്ട പിഴ |
| 1 | നാരങ്ങാ പുനത്തിൽ കവലായി മീത്തൽ റോഡ് നവീകരണം (288/21) | 400,000/- (29-10-2019) | 180ദിവസം (26-4-2020) | 11-11-2020 (199 ദിവസം) | 4000(45ദിവസം) | 8000 | 12000/- |
| 2 | ഉണ്ണിയാം കണ്ടി റോഡ് റീ ടാറിംഗ് (289/21) | 400,000/- (16-11-2019) | 180ദിവസം (24-5-2020) | 17-11-2020 (177 ദിവസം) | 4000 (45ദിവസം) | 8000 =23440/- | 12000/- |
| | | | | | | | 24000/- |

ടെണ്ടർ ചെയ്ത്, കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ച് കാലാവധി കഴിഞ്ഞും പണി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതിരുന്നത് ആശാസ്യമല്ല. നടപടികൾ സ്വീകരിക്കാതിരുന്നത് സൂപ്പർവൈസറി തലത്തിലും വികസനകാര്യ സ്റ്റാന്റിംഗ്കമ്മറ്റി തലത്തിലും പരിശോധിക്കപ്പെടുകയുണ്ടായില്ല. ഇത് ഗ്രാമപഞ്ചായത്തിന് കീഴിലെ ജനങ്ങൾക്ക് ഉപയുക്തമാവേണ്ട സേവനം യാതൊരു കാരണവുമില്ലാതെ നീട്ടിവെക്കപ്പെടുന്നതിനിടയാക്കുന്നു. ഇതിന്

കാരണക്കാരായവരിൽ നിന്നും നിയമപരമായി ഈടാക്കേണ്ട പിഴ പോലും ഈടാക്കാതെ ബിൽ തുക മുഴുവൻ നൽകിയത് ക്രമവിരുദ്ധമാണ്. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ് എന്ന് പറഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി 29/2020-21ന് മറുപടി നൽകിയിട്ടില്ല. കരാറുകാരനിൽ നിന്നും പിഴ ഇനത്തിൽ ഈടാക്കേണ്ട തുക ഈടാക്കാത്തതിനാൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ച 24000/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈ തുക ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-30 പൊതുമരാമത്ത് പദ്ധതികൾ :5 വർഷ ഗ്യാരന്റിയോടുകൂടി പ്രവൃത്തി ഏറ്റെടുത്തില്ല

പൊതുമരാമത്ത് പ്രൊജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ ജി.ഒ(എം.എസ്)11/2018/ ത.സ്വ.വഭ.വ തി.29-01-2018 പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് 7.13(12) അനുസരിച്ച് ഗുണമേന്മയും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷ ഗ്യാരന്റിയോടുകൂടി നടപ്പിലാക്കാൻ ശ്രമിക്കണമെന്ന് പറയുന്നു. ഇപ്രകാരം 2020-21 കാലഘട്ടത്തിൽ പൊതുമരാമത്ത് വർക്കിൽ ഏതെങ്കിലും റോഡ് 5 വർഷ ഗ്യാരന്റിയോടുകൂടി നിർമ്മിച്ചിട്ടുണ്ടെങ്കിൽ ആ റോഡി ന്റെ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്ന് പറഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി 9/2020-21ന് മറുപടി നൽകിയതിൽ അത്തരം വർക്കുകൾ ഏറ്റെടുത്തിട്ടില്ലെന്ന് അറിയിക്കുകയുണ്ടായി. ഗുണമേന്മയും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സർക്കാർ നിർദ്ദേശം പാലിക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-31 ഒരേ റോഡിലെ പ്രവൃത്തിക്ക് ഒന്നിലധികം പ്രൊജക്റ്റുകൾ

ഒരു പ്രൊജക്ട് രൂപപ്പെട്ട് നടപ്പിലാക്കാൻ വേണ്ടതായ വിവിധ നടപടിക്രമങ്ങൾ ജി.ഒ(എം.എസ്)11/2018/ ത.സ്വ.ഭ.വ തി.29-01-2018 നമ്പർ പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇങ്ങനെ രൂപപ്പെട്ടു വരുന്ന പ്രൊജക്റ്റുകൾക്ക് പിന്നിൽ ഒരു വമ്പിച്ച മനുഷ്യാദ്ധ്വാനമുണ്ട്. നിരവധി ആളുകളുടെ നിരവധി ദിവസങ്ങളുടെ പ്രയത്നഫലമായാണ് ഒരു പ്രൊജക്ട് രൂപീകരിച്ച്, നടപ്പിലാക്കി, മോണിട്ടറിംഗ് നടപടിക്രമങ്ങളിലൂടെ കടന്നു പോവുന്നത്. അതുകണ്ടുതന്നെ ചെറിയ നിർമ്മാണപ്രവൃത്തികൾ നിരുത്സാഹപ്പെടുത്താനും വലിയ പ്രൊജക്റ്റു കൾ ഏറ്റെടുക്കുവാനും നിർദ്ദേശിച്ചത്. എന്നാൽ രണ്ടു പ്രവൃത്തികൾക്ക് വേണ്ട മനുഷ്യാദ്ധ്വാനം ഉപയോഗിച്ച് 2020-21 കാലയളവിൽ ഒരേ റോഡിലെ പ്രവൃത്തിക്ക് ഒന്നിലധികം പ്രൊജക്റ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ

എ) തൻവർഷ പ്രൊജക്റ്റുകൾ

| | റോഡ് | പ്രൊജക്ട് നമ്പർ | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | ചമ്മിൽ മീത്തൽ കോളണി റോഡ് | 303/21 | 480,000/- | 477,362/- |
| | | 240/21 | 200,000/- | 200,000/- |
| | | 130/21 | 300,000/- | 299,681/- |
| 2 | പുനത്തിക്കണ്ടി മരുതോളി റോഡ് | 193/21 | 125,000/- | 121,784/- |
| | | 130/21 | 350,000/- | 350,000/- |

എ) തുടർവർഷ പ്രൊജക്റ്റുകൾ

ഒരേ റോഡിലെ പ്രവൃത്തിക്ക് ഒന്നിലധികം പ്രൊജക്റ്റുകൾ തുടർ വർഷങ്ങളിൽ തയ്യാറാക്കി തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശം ചുവടെ

| | റോഡ് | പ്രൊജക്റ്റ് നമ്പർ | വർഷം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | രാരോത്ത് താഴെ കണ്ണിപ്പൊയിൽ റോഡ് | 49/20 | 2019-20 | 487,974/- | 487,974/- |
| | | 62/21 | 2020-21 | 500,000/- | 463,657/- |
| 2 | ആശാരികാവ്വ പുല്ലില്ലാമല റോഡ് | 71/20 | 2019-20 | 300,000/- | 1300,000/- |
| | | 57/21 | 2020-21 | 300,000/- | 271,567/- |
| 3 | എടത്തിപ്പറമ്പ് എറോത്ത് താഴം റോഡ് | 226/20 | 2019-20 | 544,240/- | 451,290/- |
| | | 63/21 | 2020-21 | 415,000/- | 365,255/- |

5 ലക്ഷത്തിലധികം എസ്റ്റിമേറ്റുള്ള പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേനയാണ് ഏൽപ്പിച്ചു നൽകേണ്ടത്. മെഷിനറിയും ലേബർശക്തിയും കൂടുതൽ കൈമുതലായുള്ള കോൺട്രാക്റ്റേഴ്സിന്റെ ലഭ്യത വിശാലമായ ടെണ്ടർ സാധ്യമാക്കുന്നു. പ്രവൃത്തികൾ കൃത്യസമയത്ത് പൂർത്തിയാക്കുന്നതിന് ഇത് ഗുണകരമാണ്.ഒരേ റോഡിലെ പ്രവർത്തികൾ രണ്ടു വർഷങ്ങളിലായി തുക വകയിരുത്തി ചെലവഴിക്കുകയാണെങ്കിൽ ബഹുവർഷ പ്രൊജക്റ്റായി നടപ്പിൽവരുത്താവുന്നതാണ്.

ഒരേ റോഡിലുള്ള പ്രവൃത്തി റീച്ചുകളായി തിരിച്ച് വിവിധ പ്രൊജക്റ്റുകൾ തയ്യാറാക്കി തുക ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണെന്ന് പറഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി27/2020-21ന് മറുപടി നൽകിയിട്ടില്ല. ഇവിടെ പ്രവൃത്തി വിഭജിച്ച് ടെണ്ടർ നടത്തിയതിനാൽ ഇ-ടെണ്ടർ നടപടി സ്വീകരിക്കാതി രിക്കുകയാണുണ്ടായത്. പ്രവൃത്തി വിഭജിച്ച് നടപ്പാക്കിയതിനാൽ ഇ-ടെണ്ടർ ഒഴിവാക്കി വിശാലമായ മത്സര സ്വഭാവമില്ലാതെ പ്രവൃത്തി ഏൽപ്പിച്ചതിനും, എഞ്ചിനീയറിംഗ് വിംഗിന്റേയും മറ്റു ഓർഗനൈസേഷനുകളുടേയും അധിക പ്രയത്നത്തിനിടയാക്കി ഒരേ റോഡിൽ ഒന്നിലധികം പ്രവൃത്തികൾ നടപ്പിലാക്കിയതിന് തക്കതായ വിശദീകരണം നൽകേണ്ടതാണ്.

## 1-32 റിവൈസ്ഡ് എസ്റ്റിമേറ്റ്:അനുമതിയില്ലാതെ പ്രവർത്തി നടത്തി

പ്രൊജക്റ്റ് നം. - 245/21

പ്രൊജക്റ്റ് - ജി.എം.യു.പി സ്കൂൾ അറ്റകുറ്റപ്പണി

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

ബിൽ നം. തിയതി, തുക - 26/20.04.2020, 83,197/-

- 74/31.12.2020, 424,531

മേൽ പ്രൊജക്റ്റിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം താൽക്കാലിക ഷെഡ് പെയിന്റ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. ആതിന് 27.10.2020ലെ ഭരണ സമിതി 2/3നമ്പർ തീരുമാന പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. സ്കൂൾ അധികൃതർ ആവശ്യപ്പെട്ടതിനാലും 27.10.2020ലെ 2/3 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിലുമാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്ന് റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പറയുന്നു. എന്നാൽ താൽക്കാലിക ഷെഡ് പെയിന്റ് ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രധാനാദ്ധ്യാപകൻ കത്ത് നൽകിയതും പഞ്ചായത്ത് തീരുമാനമെടുത്തതും 27.10.2020ലാണ്. റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള എക്സ്ട്രാ ഇനം ഇതിനു മുൻപേ തന്നെ 11.09.2020ൽ ചെയ്തിട്ടുണ്ട് (എം.ബുക്ക് 83/2019-20 പേജ് നമ്പർ 31,32,36,37,38). മേൽ അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ് എന്ന് പറഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി 28/2020-21ന് മറുപടി നൽകിയതിൽ സ്കൂൾ അധികൃതരുടെ വാക്കാലുള്ള നിർദ്ദേശാനുസ രണം പൂർത്തീകരിച്ചതാണെന്നും ആയത് റെക്ടിഫൈ ചെയ്യാൻ ഭരണസമിതിക്ക് കത്തു നൽകുകയുമാണുണ്ടാ യതെന്ന് അറിയിക്കുകയുണ്ടായി. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

## 1-33 പൊതുമരാമത്ത് പദ്ധതികൾ :മോണിട്ടറിംഗ് ഫലപ്രദമല്ല

2020-21 കാലഘട്ടത്തിൽ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് രണ്ടു തവണയാണ് മീറ്റിംഗ് ചേർന്നിട്ടുള്ളത്. 25-01-2021,18-02-2021 എന്നീ തിയതികളിലാണ് പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ്

മീറ്റിംഗ് ചേരുകയുണ്ടായത്. ആ മീറ്റിംഗുകളിലൊന്നും തന്നെ 2020-21 പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിംഗ് സംബന്ധിച്ച് യാതൊരു ചർച്ചകളും നടക്കുകയുണ്ടായിട്ടില്ല. പൊതുമരാമത്ത് പ്രൊജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജി.ഒ(എം.എസ്)11/2018/ ത.സ്വ.ഭ.വ തി.29-01-2018 പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് 11.2(6) അനുസരിച്ച് സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പുവരുത്താൻ ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിട്ടറിംഗ് സമിതി രൂപീകരിക്കണം. 13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. 13.2,13.1 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാമൂലം വവർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്. 13.5 അനുസരിച്ച് പ്രവൃത്തിയുടെ പേര്, വർഷം, കരാറുകാരന്റെയും എഞ്ചിനീയറുടേയും പേര്, ഫോൺ നമ്പർ , അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധനസാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കണം. പ്രവൃത്തി പൂർത്തിയായതിന് ശേഷം പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ട് തുടങ്ങിയവയും പ്രദർശിപ്പിക്കണം. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. ഗ്രാമപഞ്ചായത്ത് പൊതുമരാമത്ത് പദ്ധതികളുടെ നടത്തിപ്പിൽ മേൽ പറഞ്ഞ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം:പിഴ ഈടാക്കിയില്ല

ജി.ഒ(പി)13/2012/പി.ഡബ്ല്യു.ഡി തിയ്യതി.01-02-2012 നമ്പർ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112 പ്രകാരം മരാമത്ത് പ്രവൃത്തികളുടെ കാലാവധി ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% ത്തിൽ അധികരിക്കാതെ ദീർഘിപ്പിച്ചു നൽകാമെന്നു പറയുന്നു. സെക്ഷൻ 2112.1 അനുസരിച്ച് ഇങ്ങനെ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ ആദ്യ തവണ 1% വും തുടർന്ന് ഓരോ തവണയും 2%വും, മാക്സിമം 100,000/-രൂപ പിഴയായി ഈടാക്കേണ്ടതാണ്. അങ്ങനെയല്ലാത്തപക്ഷം സെക്ഷൻ 2116.1 പ്രകാരം ഓരോ ആഴ്ചയിലേക്കും 0.1%(പരമാവധി 10%)ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കി കരാർ റദ്ദ്ചെയ്യുകയും സെക്ഷൻ 2116.2,2116.2.1 എന്നിവയിൽ പറയുന്ന നടപടികൾ കരാറുകാരനെതിരെ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ ചില പൊതുമരാമത്ത് പ്രവൃത്തികളിൽ കരാറുകാർ സമയപരിധി പാലിക്കാതെ അനിയന്ത്രിതമായി പ്രവൃത്തി നീട്ടിക്കൊണ്ടു പോയിട്ടും കരാറുകാരിൽ നിന്നും പിഴ ഈടാക്കുകയോ മറ്റു നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. പിഴ ഈടാക്കാതെ സമയം ദീർഘിപ്പിച്ചു നൽകിയ പ്രവൃത്തികളുടെ വിശദാംശം ചുവടെ:

| | പ്രവൃത്തിയുടെ പേര്,പ്രൊജക്റ്റ് നമ്പർ | എസ്റ്റിമേറ്റ് | കരാറുകാരൻ,ടെണ്ടർ നിരക്ക് | ബിൽ നമ്പർ,തുക |
|---|---|---|---|---|
| 1 | നാരങ്ങാപുനത്തിൽ കവലായിമീത്തൽ റോഡ് നവീകരണം (288/21) | 400,000 | അത്തോളി ലേബർ കോൺട്രാക്ടേർസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 70/12-11-2020, 395,869/- |
| 2 | ഉണ്ണിയാംകണ്ടി റോഡ് റീ ടാറിംഗ്(289/21) | 400,000 | അത്തോളി ലേബർ കോൺട്രാക്ടേർസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 71/17-12-2020, 398,755/- |

ഈടാക്കേണ്ട പിഴയുടെ വിശദാംശം:

| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
|---|---|---|---|---|---|---|---|
| | പ്രവൃത്തി | കരാർ തുക കരാർ തിയ്യതി, | പൂർത്തീകരിക്കേണ്ട , കാലയളവ് തിയ്യതി | പൂർത്തീകരിച്ച തിയ്യതി, അധികമെടുത്ത കാലയളവ് | ആദ്യ ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ 1% (കാലയളവിന്റെ 25%) | തുടർന്നുള്ള ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ 2% | ആകെ ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ |
| 1 | നാരങ്ങാപുനത്തിൽ കവലായിമീത്തൽ റോഡ് നവീകരണം (288/21) | 400,000/- (29-10-2019) | 180ദിവസം (26-4-2020) | 11-11-2020 (199 ദിവസം) | 4000(45ദിവസം) | 8000 | 12000/- |
| 2 | ഉണ്ണിയാംകണ്ടി റോഡ് റീ ടാറിംഗ്(289/21) | 400,000/- (16-11-2019) | 180ദിവസം (24-5-2020) | 17-11-2020 (177 ദിവസം) | 4000(45ദിവസം) | 8000 | 12000/- |
| | | | | | | | 24000/- |

ടെണ്ടർ ചെയ്ത്, കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ച് കാലാവധി കഴിഞ്ഞും പണി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതിരുന്നത് ആശാസ്യമല്ല. നടപടികൾ സ്വീകരിക്കാതിരുന്നത് സൂപ്പർവൈസറി തലത്തിലും വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തലത്തിലും പരിശോധിക്കപ്പെടുകയുണ്ടായില്ല. ഇത് ഗ്രാമപഞ്ചായത്തിന് കീഴിലെ ജനങ്ങൾക്ക് ഉപയുക്തമാവേണ്ട

സേവനം യാതൊരു കാരണവുമില്ലാതെ നീട്ടിവെക്കപ്പെടുന്നതിനിടയാക്കുന്നു. ഇതിന് കാരണക്കാരായവരിൽ നിന്നും നിയമപരമായി ഈടാക്കേണ്ട പിഴ പോലും ഈടാക്കാതെ ബിൽ തുക മുഴുവൻ നൽകിയത് ക്രമവിരുദ്ധമാണ്. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ് എന്ന് പറഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി 29/2020-21ന് മറുപടി നൽകിയിട്ടില്ല. കരാറുകാരനിൽ നിന്നും പിഴ ഇനത്തിൽ ഈടാക്കേണ്ട തുക ഈടാക്കാത്തതിനാൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ച 24000/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈ തുക ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 വെൽഫയർ സ്കൂൾ വാടകനൽകൽ- പ്രൊജക്ട് പ്രകാരം വാടക അധികം നൽകി.

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകളുടെ വാടക ഇനത്തിൽ സാമ്പത്തിക വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി ചെലവഴിച്ച തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ/പേര് | ചെലവുതുക | ബിൽ നമ്പർ/ തിയ്യതി | റിമാർക്സ് |
|---|---|---|---|
| 9/20.21കൊളക്കാട് വെൽഫെയർ സ്കൂളിന് വാടക നൽകൽ | 54847 | 29/24.3.21 | 2020 ഫെബ്രുവരിമുതൽ 2021 ഫെബ്രുവരി വരെയുള്ള വാടക 4219x13 |
| 48/20.21വെൽഫെയർ സ്കൂളിന് വാടക നൽകൽ | 67504 | 1/24.4.20 | 2018 ഒക്ടോബർ മുതൽ 2020 ജനുവരി വരെ വാടക 16x4219 |

വാടക നൽകിയതു സംബന്ധിച്ച വിശദവിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധിച്ചതിൽ 2018-19 സാമ്പത്തിക വർഷത്തിൽ സ്കൂളിന് വാടക നൽകുന്ന പ്രോജക്ട് പ്രകാരം 2017 ഫെബ്രുവരി മുതൽ ഒക്ടോബർ 2018 വരെ 21 മാസത്തെ വാടക പ്രതിമാസം 4219 രൂപ പ്രകാരം 88599രൂപ ഉടമക്ക് നൽകിയിട്ടുണ്ട്. 2020-21 ൽ പ്രൊജക്ട്നമ്പർ 48/20-21 പ്രകാരം 2018 ഒക്ടോബർ മുതൽ2020 ജനുവരി വരെയുള്ള 16 മാസത്തെ വാടക 67504 രൂപ നൽകിയപ്പോൾ 2018 ഒക്ടോബർ മാസത്തെ വാടക രണ്ട് തവണ നൽകിയിട്ടുണ്ട്. തുക അനുവദിക്കുന്ന സമയത്ത് സെക്ഷൻ ക്ലാർക്ക്, മേലുദ്യോഗസ്ഥർ

എന്നിവർക്കുണ്ടായ വീഴ്ച മൂലമാണ് 4219രൂപ അധികം നൽകാൻ ഇടയായത്. ആയത് തിരികെ ഈടാക്കി അപാകത പരിഹരിക്കാവുന്നതാണ്. 4219രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ് .

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 | ഓഡിറ്റ് കാലയളവ് | ഇതേ നമ്പർ സർട്ടിഫിക്കറ്റ് |

### 4-2 സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 730000 | ലൈഫ് ഭവന പദ്ധതി | 730000 | |
| | | 237500 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 237500 | -- |
| | | 1977000 | ലൈഫ് ഭവന പദ്ധതി (എസ് സി) | 1977000 | - |
| | | 120000 | നെൽകൃഷിയ്ക്ക് വിത്തും കൂലിചെലവും | 120000 | -- |
| | | 1080211 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 1080211 | -- |
| ജില്ലാ പഞ്ചായത്ത് | 2020-21 | 810000 | ലൈഫ് ഭവന പദ്ധതി | 810000 | -- |
| | | 237500 | ഭിന്നശേഷിയുള്ള വിദ്യാർത്ഥിക്ൾക്ക് സ്കോളർഷിപ്പ് | 237500 | -- |
| | | 11360000 | ലൈഫ് ഭവന പദ്ധതി (എസ് സി) | 11360000 | -- |
| | | 144000 | നെൽകൃഷിയ്ക്ക് വിത്തും കൂലിചെലവും | 144000 | -- |
| | | 250000 | ക്ഷീരകർഷകർക്ക് പാലിന് | 250000 | -- |

| | | | സബ്സിഡി | | |
|---|---|---|---|---|---|

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ | കുഴൽ കിണർ നിർമ്മാണം | 40180 | 0 | 40180 |
| ഗ്രൗണ്ട് വാട്ടർ | കുഴൽ കിണർ നിർമ്മാണം | 40915 | 0 | 40915 |
| ഗവ.എഞ്ചിനീയറിംഗ് കോളേജ്, കോഴിക്കോട് | അത്തോളി ജി.എം.എൽ.പി സ്കൂൾ മണ്ണ് പരിശോധന | 110000 | 0 | 110000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | സാമ്പത്തിക വർഷം | തൻവർഷം എടുത്ത വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 2020-21 | 0 | 4314716 | 453843 | | 386073 |

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 6221258 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 6221258 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |

| | |
|---|---|
| പലിശ | 417331 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 6638589 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു</u>

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | തുക |
|---|---|---|
| 1 | അത്തോളി കോ ഓപ്പറേറ്റീവ് ബാങ്ക് | 5633964 |
| 2 | കെ.ഡി.സി. ബാങ്ക് അത്തോളി | 1004625 |
| ആകെ | | 6638589 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2001-02 | - | 2004-05 | 11.1.3.43 പൊതുപരാമർശം | നികുതി പിരിവിൽ അലംഭാവം |
| 2004-05 | 2-2 | 2006-07 | 3-79.1.6 പൊതുപരാമർശം | ഗ്രാമപഞ്ചായത്തുകൾ, കെട്ടിട നികുതി, തൊഴിൽനികുതി, തനത് വരവ് യഥാസമയം പിരിച്ചെടുക്കാത്തതിനാൽ കാലഹരണപ്പെട്ടു. |
| 2004-05 | 2-4 | 2006- 07 | 3-79.3.3.102 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ് – അപാകതകൾ |
| 2004-05 | 4-1 | 2006-07 | 3-79.4.1.103 പൊതുപരാമർശം | പുതിയ അക്കൗണ്ടിംഗ് സമ്പ്രദായവും ക്യാഷ്ബുക്കും മറ്റും ശരിയായ വിധം എഴുതുന്നില്ല. |
| 2004-05 | 3-6 | 2006-07 | 3-79.16.4.112 പൊതുപരാമർശം | സർക്കാർ നിർദ്ദേശങ്ങൾ, ചട്ടങ്ങൾ/സബ്സിഡി മാനദണ്ഡങ്ങൾ എന്നിവ പാലിക്കുന്നില്ല. |
| 2004-05 | 3-2 | 2006-07 | 3-79.18.5.116 പൊതുപരാമർശം | ആരംഭിച്ച കുടിവെള്ള പദ്ധതി പൂർത്തിയാക്കിയില്ല/ഉപേക്ഷിച്ചു |

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2004-05 | 3-12 | 2006-07 | 3-79.19.12.120 പൊതുപരാമർശം | മരാമത്ത് പ്രവൃത്തികൾ, നിരക്ക് അധികം നൽകുന്നത്/അളവ് തെറ്റായി രേഖപ്പെടുത്തി പഞ്ചായത്തുകൾക്ക് നഷ്ടം |
| 2003-04 മുതൽ 2007-08 വരെ | | 2011-12 | 3.1.12.62 | ജലസേചന പദ്ധതികൾക്ക് വിനിയോഗിച്ച തുക പാഴായി |
| 2014-15 | 2-1 | 2016-17 | അനുബന്ധം 4, 187 | തൊഴിൽ നികുതി അപാകതകൾ |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

## (എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

-ഇല്ല-

## (ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

-ഇല്ല-

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 103807883 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 96268686 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 28219 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 391027 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 24000 | അബൂബക്കർ |

| | | | |
|---|---|---|---|
| | | | സിദ്ദിഖ്, അസി.എഞ്ചിനിയർ |
| 3-2 | | 4219 | എൻ. പ്രദീപൻ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 150180 | ജേക്കബ് ജോർജ്, സെക്രട്ടറി |
| 1-17 | 40915 | ഇന്ദു.എ, സെക്രട്ടറി |
| 1-21 | 27229 | ഇന്ദു.എ., സെക്രട്ടറി |
| 1-24 | 150000 | ഡോ.പ്രതിഭ.വി.പി, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-20 | 22703 | ജിഷിത്ത്.ആർ, അസിസ്റ്റന്റ് സെക്രട്ടറി, |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | | |

| | | |
|---|---|---|
| അബൂബക്കർ സിദ്ദിഖ്,<br>അസി.എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>അത്തോളി ഗ്രാമപഞ്ചായത്ത് | കോരച്ചൻകണ്ടി<br>പുരയിൽ, മടവൂർ പി. ഒ |
| എൻ. പ്രദീപൻ, സെക്രട്ടറി | സെക്രട്ടറി,<br>ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത് | നെടിയാറമ്പത്ത്,<br>അത്തോളി പി.ഒ |
| ജേക്കബ് ജോർജ്,<br>സെക്രട്ടറി | സെക്രട്ടറി,<br>കാക്കൂർ ഗ്രാമ പഞ്ചായത്ത് | നെടിയനിരത്തിൽ,<br>കല്ലായി പി.ഒ,<br>പയ്യാനക്കൽ |
| ജിഷിത്ത്.ആർ,<br>അസിസ്റ്റന്റ് സെക്രട്ടറി, | ജൂനിയർ സൂപ്രണ്ട്,<br>ഡി.ഡി.പി ഓഫീസ്,<br>കോഴിക്കോട് | ചേരിക്കാപറമ്പിൽ,<br>കോക്കല്ലൂർ പി.ഒ,<br>ബാലുശ്ശേരി |
| ഇന്ദു.എ., സെക്രട്ടറി | ഇന്ദു.എ., സെക്രട്ടറി, അത്തോളി ഗ്രാമപഞ്ചായത്ത് | പത്മാലയം, മൊകവൂർ,<br>എരഞ്ഞിക്കൽ |
| ഡോ.പ്രതിഭ.വി.പി,<br>മെഡിക്കൽ ഓഫീസർ<br>ഹോമിയോ | മെഡിക്കൽ ഓഫീസർ<br>ഹോമിയോ,<br>അത്തോളി ഗ്രാമപഞ്ചായത്ത് | പ്രഭ,<br>മാരാംവീട്ടിൽ പറമ്പ്,<br>വേങ്ങേരി |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 2000-01 | കെ.എസ്.എ.കെ.കെ.ഡി.പി.13/992/2018(1) തി.12.12.19 | 1 | (42) |
| 2001-02 | കെ.എസ്.എ.കെ.കെ.ഡി.പി.13/992/ 2018(2) തി.12.12.19 | 7 | (23,25(6,7,8,9,10) |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി.പി.13/992/ 2018(4) തി.12.12.19 | 5 | (3-2,3-8,3-22,3-23, 3-24) |
| 2004-05 | കെ.എസ്.എ.കെ.കെ.ഡി.പി.13/992/ 2018(5) തി.12.12.19 | 8 | (2-2,3-1,3-2, 3-6,3-7,3-12,3-13, 4-1) |
| 2005-06 | കെ.എസ്.എ.കെ.കെ.ഡി.പി.13/992/2018(6) തി.12.12.19 | 4 | (3-1, 3-3,3-4, 3-9, ) |

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.പി.13/992/ 2018(7) തി.12.12.19 | 3 | (3-3, 3-4, 3-7) |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി1. 1175/09 തി.03.11.09 | 29 | (1എ, 1ബി,1ഇ, 2-2,2-6,2-8, 2-10, 3-1, 3-2, 3-3,3-4, 3-6, 3-7, 3-13, 3-14, 3-15, 3-16, 3-17, 3-19, 3-20, 3-21, 3-23, 3-24, 3-25, 3-26, 3-28,3-29,3-31,4-1) |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി.13/992/ 2018(8) തി.12.12.19 | 16 | (2-1,2-2,2-4, 2-8,2-9,2-10,3-7,3-8, 3-9, 3-11, 3-14, 3-15,3-16, 3-17, 3-18,3-22 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി.പി.13/992/ 2018(9) തി.12.12.19 | 10 | (2-2(1 To 4), 2-3(1,2), 3-2, 3-5,3-6, 3-9, 3-11, 3-14, 3-15, 4-3 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി13.467/13 തി.1.02.13 | 20 | (2-2,2-3,2-4, 3-2,3-3,3-5,3-6,3-7, 3-8,3-9,3-10, 3-11,3-12, 3-13, 3-14, 3-15, 3-16, 3-18, 3-19, 3-20) |
| 2011-12,2012-13 | എൽ.എഫ്.കെ.കെ.ഡി/പി13/ 512/14. തി.7.6.2014 | 17 | (2-3(1), 3-1,3-2,3-3 3-4, 3-5, 3-6, 3-7,3-9, 3-10, 3-11,3-12, 3-15,3-16, 3-17, 4(1,2), 4-6) |
| 2013-14 2014-15 | കെ എസ് എ/കെ കെ ഡി/പി13/ 1368/2016 തീയതി-8.9.2016 | 11 | (2-1(2), 2-2, 3-1, 3-2, 3-4, 3-5, 3-7, 3-8, 3-9,3-10, 3-13) |

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 2015-16 | കെ എസ് എ/കെ കെ ഡി/പി13/1858/2017 തീയതി-03.01.2018 | 11 | (2-1(1), 2-1(3),2-1(4), 2-2,2-5, 2-6, 3-1,3-2,3-6, 3-11,3-13) |
| 2016-17 | കെ എസ് എ/കെ കെ ഡി/പി13/ 2338/2017 തീയതി-03.01.2018 | 11 | (2-1 മുതൽ 2-5 വരെ, 2-7,2-9,3-2,3-5,3-6,3-7) |
| 2017-18 | കെ എസ് എ/കെ കെ ഡി/പി13/ 2701/2017 തീയതി- 11.12.2019 | 23 | 1-10, 1-12, 2-1, 2-4, 2-6, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 4-5, 4-10 |
| 2018-19 | കെ എസ് എ/കെ കെ ഡി/പി10/ 321/2020 തീയതി- 04-02-2021 | 15 | 1-12,1-13,1-14,1-15,1-16,1-17,1-18,1-19, 1-20,1-22,1-25,1-26,3-1,3-2,4-10 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ അത്തോളി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ അത്തോളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്